# പതിനഞ്ചാം കേരള നിയമസഭ

## സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

## പതിനൊന്നാമത് റിപ്പോർട്ട്

**(2025 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-19)യുടെ എട്ടാമത് റിപ്പോർട്ടിന്മേലുള്ള (2016 ജൂലൈ 25 മുതൽ 2017 ഡിസംബർ 31 വരെ സമിതി പരിഗണിച്ച ഹർജികൾ സംബന്ധിച്ച റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

# പതിനഞ്ചാം കേരള നിയമസഭ

## സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

## പതിനൊന്നാമത് റിപ്പോർട്ട്

**(2025 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-19)യുടെ എട്ടാമത് റിപ്പോർട്ടിന്മേലുള്ള (2016 ജൂലൈ 25 മുതൽ 2017 ഡിസംബർ 31 വരെ സമിതി പരിഗണിച്ച ഹർജികൾ സംബന്ധിച്ച റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| ആമുഖം | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| ഭാഗം -I | ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | |
| ഭാഗം -II | സർക്കാരിൽ നിന്നും അനന്തരനടപടി റിപ്പോർട്ട് ലഭ്യമാക്കാത്ത ശിപാർശകൾ | .. | |
| അനുബന്ധം | | .. | |

## സമിതിയുടെ ഘടന

<u>ചെയർപേഴ്സൺ</u> :

ശ്രീമതി യു. പ്രതിഭ

<u>അംഗങ്ങൾ</u> :

ശ്രീമതി ഒ.എസ്. അംബിക

ശ്രീമതി സി.കെ. ആശ

ശ്രീമതി ദെലീമ

ശ്രീമതി കാനത്തിൽ ജമീല

ഡോ. എം.കെ. മുനീർ

ശ്രീമതി ശാന്തകുമാരി കെ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി ഉമ തോമസ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ.ജി, അഡീഷണൽ സെക്രട്ടറി

ശ്രീമതി ലാലി വി.എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി.

ശ്രീമതി ബിന്ദു എസ്., അണ്ടർ സെക്രട്ടറി

## ആമുഖം

സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-26)യുടെ ചെയർപേഴ്സണായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതിയ്ക്ക് ലഭിച്ച പരാതികളുടെയും സർക്കാരിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകളുടെയും സമിതി നടത്തിയ തെളിവെടുപ്പുകളുടെയും അടിസ്ഥാനത്തിൽ സമിതി (2016-2019), 2018 ഡിസംബർ 7-ാം തീയതി സഭയിൽ സമർപ്പിച്ച എട്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2025 മാർച്ച് 19-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**യു. പ്രതിഭ,**
*ചെയർപേഴ്സൺ,*
*സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും*
*കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും*
*ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2025 മാർച്ച് 21.

## റിപ്പോർട്ട്

പതിനാലാം കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-2019)യുടെ എട്ടാമത് റിപ്പോർട്ട് (2016 ജൂലൈ 25 മുതൽ 2017 ഡിസംബർ 31 വരെ സമിതി പരിഗണിച്ച ഹർജികൾ സംബന്ധിച്ച ജനറൽ റിപ്പോർട്ട്) 2018 ഡിസംബർ 7-ാം തീയതി സഭയിൽ സമർപ്പിച്ചു.

സമിതിയ്ക്ക് ലഭിച്ച പരാതികളുടെയും സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെയും ജില്ലാ ആസ്ഥാന യോഗങ്ങളിൽ നടത്തിയ തെളിവെടുപ്പുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രസ്തുത റിപ്പോർട്ടിൽ 16 ശിപാർശകൾ ഉണ്ടായിരുന്നു. പ്രസ്തുത ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി എട്ടാമത് റിപ്പോർട്ടിന്റെ പകർപ്പുകൾ 28.06.2019 ന് വിവിധ വകുപ്പുകളിലേയ്ക്ക് അയച്ചുകൊടുത്തിരുന്നു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അവ സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളും അടങ്ങുന്ന ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സമിതി (2016-2019) യുടെ എട്ടാമത് റിപ്പോർട്ടിലെ ശിപാർശകളും, അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികളും ഉൾപ്പെടുത്തിയിരിക്കുന്നു.

രണ്ടാം ഭാഗത്തിൽ സർക്കാരിൽ നിന്ന് നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ശിപാർശയും സമിതി ആരാഞ്ഞ അധികവിവരങ്ങളും ബന്ധപ്പെട്ട വകുപ്പിന്റെ പേരും ഉൾപ്പെടുത്തിയിരിക്കുന്നു.

വിവിധ വകുപ്പുകളിൽ നിന്നും റിപ്പോർട്ടിനോടൊപ്പം ലഭ്യമായിട്ടുള്ള സർക്കാർ ഉത്തരവുകളും രേഖകളും അനുബന്ധത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

# ഭാഗം I

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ

| ക്രമ നം. | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 1. | സമിതിക്ക് ലഭിക്കുന്ന പരാതികളിന്മേൽ സമയബന്ധിതമായും നീതിയുക്തമായും റിപ്പോർട്ട് ലഭ്യമാക്കുന്ന കാര്യത്തിൽ വിവിധ സർക്കാർ വകുപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കണമെന്നും ഉന്നതോദ്യോഗസ്ഥർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തണമെന്നും സമിതിക്ക് റിപ്പോർട്ട് നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുവാൻ ചീഫ് സെക്രട്ടറി തലത്തിൽ നടപടിയെടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. **(ഖണ്ഡിക നം.15)** | പാർലമെന്ററികാര്യ (ബി) വകുപ്പ്<br>(21.10.2019 ലെ പാ.കാ.വ-ബി2/139/2019-പാ.ക.വ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി(2016-19)യുടെ എട്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക 15, 16, 17 ലെ സമിതിയുടെ ശിപാർശകൾ ഉൾപ്പെടുത്തി ചീഫ് സെക്രട്ടറി തലത്തിൽ 21.10.2019 ൽ പാകാവ-ബി2/139/2019/പാകാവ നമ്പർ സർക്കുലർ പുറപ്പെടുവിച്ച് സമിതി നിർദ്ദേശങ്ങൾ പാലിക്കുവാൻ എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നല്കിയിട്ടുണ്ട് (സർക്കുലറിന്റെ പകർപ്പ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.)<br>(23.12.2019 ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 2. | സമിതിയുടെ ജില്ലാതല സന്ദർശന യോഗങ്ങളിൽ പരിഗണനാ വിഷയങ്ങൾ സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ ഉൾപ്പെടെ ജില്ലാതല ഉദ്യോഗസ്ഥർക്ക് സമയബന്ധിതമായി അറിയിപ്പ് നൽകണമെന്നും സമിതി ആവശ്യപ്പെടുന്ന വിവരങ്ങളിന്മേലുള്ള കൃത്യമായ റിപ്പോർട്ട് നേരത്തെ തന്നെ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. **(ഖണ്ഡിക നം. 16)** | പാർലമെന്ററികാര്യ (ബി) വകുപ്പ്<br>(21.10.2019 ലെ പാ.കാ.വ-ബി2/139/2019-പാ.ക.വ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി(2016-19)യുടെ എട്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക 15, 16, 17 ലെ സമിതിയുടെ ശിപാർശകൾ ഉൾപ്പെടുത്തി ചീഫ് സെക്രട്ടറി തലത്തിൽ 21.10.2019 ൽ പാകാവ-ബി2/139/ |

| | | |
|---|---|---|
| | | 2019/പാകാവ നമ്പർ സർക്കുലർ പുറപ്പെടുവിച്ച് സമിതി നിർദ്ദേശങ്ങൾ പാലിക്കുവാൻ എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നല്കിയിട്ടുണ്ട് (സർക്കുലറിന്റെ പകർപ്പ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.)<br>(23.12.2019 ലെ യോഗത്തിൽ അംഗീകരിച്ചു.)<br>തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്<br>(27.05.2020 ലെ ഡി2/366/2019/തൊഴിൽ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ജില്ലാതല തെളിവെടുപ്പ് യോഗങ്ങളിൽ പരിഗണിക്കുന്ന ഹർജി വിഷയം സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് അടിയന്തര പ്രാധാന്യത്തോടെ ലേബർ കമ്മീഷണർക്ക് നൽകാറുണ്ട്. അപ്രകാരം ലേബർ കമ്മീഷണറേറ്റിലേക്ക് ലഭിക്കുന്ന വിവരം അടിയന്തരമായി ജില്ലാ ഓഫീസിലേക്ക് നൽകുന്നതാണ്. ജില്ലാതല തെളിവെടുപ്പ് യോഗങ്ങളിൽ പരിഗണിക്കുന്ന ഹർജി വിഷയം സംബന്ധിച്ച് ആവശ്യപ്പെടുന്ന വിവരങ്ങളിന്മേലുള്ള കൃത്യമായ റിപ്പോർട്ട് ജില്ലാതല ഉദ്യോഗസ്ഥർ നേരത്തെ തന്നെ സമിതിക്ക് സമർപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശവും നൽകിയിട്ടുണ്ട്.<br>(06.11.2020- ലെ യോഗത്തിൽ അംഗീകരിച്ചു.)<br>തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്<br>(29.04.2021 ലെ LBRD-F3/190/2019-LBRD നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>സമിതിയുടെ ജില്ലാതല സന്ദർശന യോഗങ്ങളിൽ പരിഗണനാ വിഷയങ്ങൾ സംബന്ധിച്ച് സമയബന്ധിതമായി നടപടികൾ |

| | | |
|---|---|---|
| | | സ്വീകരിക്കുവാൻ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>(09.09.2021- ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 3. | തെളിവെടുപ്പ് വേളയിൽ ജില്ലാതല ഉദ്യോഗസ്ഥർ നൽകുന്ന റിപ്പോർട്ടുകൾ ഗവൺമെന്റ് തലത്തിൽ പരിശോധിച്ച് രണ്ടാഴ്ചക്കുള്ളിൽ സമിതിക്ക് ലഭ്യമാക്കുവാൻ എല്ലാ വകുപ്പുകൾക്കും ചീഫ് സെക്രട്ടറി കർശന നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നം. 17)** | പാർലമെന്ററികാര്യ (ബി) വകുപ്പ്<br>(21.10.2019 ലെ പാ.കാ.വ-ബി2/139/2019-പാ.ക.വ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി(2016-19)യുടെ എട്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക 15, 16, 17 ലെ സമിതിയുടെ ശിപാർശകൾ ഉൾപ്പെടുത്തി ചീഫ് സെക്രട്ടറി തലത്തിൽ 21.10.2019 ൽ പാകാവ-ബി2/139/ 2019/പാകാവ നമ്പർ സർക്കുലർ പുറപ്പെടുവിച്ച് സമിതി നിർദ്ദേശങ്ങൾ പാലിക്കുവാൻ എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നല്കിയിട്ടുണ്ട്(സർക്കുലറിന്റെ പകർപ്പ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.)<br>( 23.12.2019 ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 4. | പോലീസുദ്യോഗസ്ഥർക്കെതിരെയുള്ള പരാതികളിൽ അന്വേഷണ വിധേയനായ ഉദ്യോഗസ്ഥനെ മാറ്റിനിർത്തി കേസിന്റെ ഗൗരവമനുസരിച്ച് ഉയർന്ന പോലീസുദ്യോഗസ്ഥർ നേരിട്ട് പരാതി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും കുറ്റം തെളിയുന്നപക്ഷം സമയബന്ധിതമായി നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ, ബലാത്സംഗം തുടങ്ങിയ ഗുരുതര സ്വഭാവമുള്ള പരാതികളിന്മേൽ ഉയർന്ന വനിതാ പോലീസുദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ അന്വേഷണം നടത്തണ | ആഭ്യന്തര (പി.എസ് & എം.എസ്.) വകുപ്പ്<br>(17.01.2020 ലെ ആഭ്യന്തര- പി.എസ്/298/2019-ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>പോലീസുദ്യോഗസ്ഥർക്കെതിരായ പരാതികളിൽ ആരോപണ വിധേയരായ ഉദ്യോഗസ്ഥരെ മാറ്റിനിർത്തി, കേസിന്റെ ഗൗരവമനുസരിച്ച്, അത്തരം ഉദ്യോഗസ്ഥരേക്കാൾ ഉയർന്ന റാങ്കിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നീതിപൂർവ്വമായ അന്വേഷണം നടത്തിവരുന്നതാണ്. മാത്രമല്ല അന്വേഷണത്തിൽ കുറ്റം തെളിയുന്ന |

| | | |
|---|---|---|
| | മെന്നും സമിതി ശിപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നം. 18)** | പക്ഷം അത്തരക്കാർക്കെതിരെ കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. കൂടാതെ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ, ബലാത്സംഗം തുടങ്ങി ഗുരുതരമായ സ്വഭാവമുള്ള പരാതികളിന്മേൽ സ്ത്രീകളുടെ മൊഴിയെടുക്കുന്നതിനും, വൈദ്യ പരിശോധനയ്ക്ക് കൊണ്ടുപോകുന്നതിനും തെളിവെടുപ്പിനുമായി വനിതാ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കാറുള്ളതാണ്. ഇത് കൂടാതെ ഇത്തരം കേസുകളുടെ സ്വഭാവമനുസരിച്ച് സൂക്ഷ്മതയോടുകൂടി നിരീക്ഷിക്കുകയും കർശന നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ പോലീസ് ഓഫീസർമാർക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്.<br>(19.03.2020 ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 5. | സർക്കാർ ഉദ്യോഗത്തിലിരിക്കെ ചെയ്ത ക്രമവിരുദ്ധ പ്രവൃത്തികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് റിട്ടയർമെന്റ് ഒരു വിഘാതമാകരുതെന്നും കുറ്റക്കാരായ ഉദ്യോഗസ്ഥർ സർവ്വീസിൽ നിന്നും വിരമിച്ചാലും അവർ സർവ്വീസിലിരിക്കെ ചെയ്ത നിയമവിരുദ്ധമായ പ്രവൃത്തികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി സർവ്വീസ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി അടിയന്തരമായി വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നം. 19)** | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്<br>(11.03.2020 ലെ ഉപ.സി.2/64/2020/ഉഭപവ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>കുറ്റക്കാരായ ഉദ്യോഗസ്ഥർ സർവ്വീസിൽ നിന്ന് വിരമിച്ചാലും അവർ സർവ്വീസിലിരിക്കെ ചെയ്ത നിയമവിരുദ്ധമായ പ്രവൃത്തികൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് സർക്കാർ 11.05.2009 ൽ 42/2009/Fin എന്ന സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത് 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമായാണ്. എന്നാൽ വിരമിച്ച സർക്കാർ ജിവനക്കാർക്കെതിരെ മേൽ ചട്ടപ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുവാൻ കഴിയുകയില്ല. 1960 ലെ കേരള സിവിൽ |

| | | |
|---|---|---|
| | | സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടപ്രകാരമുള്ള അച്ചടക്ക നടപടി ആരംഭിക്കുന്നതിന് മുമ്പ് സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരനെതിരെ കേരള സർവീസ് ചട്ടങ്ങൾ പാർട്ട് III ചട്ടം 3(b)യുടെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി സ്വീകരിക്കാവുന്നതാണെന്നും, 1960 ലെ കെ.സി.എസ് (സി.സി.എ) ചട്ടപ്രകാരം സർക്കാർ ജീവനക്കാരനെതിരെ അച്ചടക്ക നടപടികൾ ആരംഭിക്കുകയും അച്ചടക്ക നടപടികൾ പൂർത്തിയാകുന്നതിനുമുമ്പ് ജീവനക്കാരൻ വിരമിക്കുകയും ചെയ്താൽ കേരള സർവീസ് ചട്ടങ്ങൾ പാർട്ട് III ചട്ടം 3-ലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ജീവനക്കാരനെതിരെ അച്ചടക്ക നടപടി സ്വീകരിക്കാവുന്നതാണെന്നും പ്രസ്തുത സർക്കുലർ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ വിരമിക്കാറായ സർക്കാർ ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടികൾ അടിയന്തരമായി പൂർത്തിയാക്കി കുറ്റാരോപിതനായ ഉദ്യോഗസ്ഥൻ സർവീസിൽ നിന്നും വിരമിക്കുന്നതിന് മുമ്പ് അന്തിമ ഉത്തരവ് പുറപ്പെടുവിച്ച് ടിയാനെ അറിയിക്കാനാവശ്യമായ നടപടി ബന്ധപ്പെട്ട ഭരണ വകുപ്പുകൾ വീഴ്ച കൂടാതെ സ്വീകരിക്കേണ്ടതാണെന്ന് 24.03.2015 ലെ 21658/ഉപസി.2/14/ഉഭപവ നമ്പർ സർക്കുലർ മുഖേന നിർദ്ദേശം നൽകിയിട്ടുമുണ്ട്. (സർക്കുലറിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു).<br>( 06.11.2020 ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 6. | എല്ലാ സർക്കാർ ഓഫീസുകളിലും ക്രഷുകൾ ഇല്ലാത്തതിനാലും ഓഫീസ് സമയത്ത് കുട്ടികളുമായി വരുന്നതിന് നിയന്ത്രണമുള്ളതിനാലും സംസ്ഥാന സർക്കാർ സർവ്വീസിലെ വനിതാ ജീവനക്കാർക്ക് കുട്ടികളെ സംരക്ഷിക്കുന്നതിനുവേണ്ടി | ധനകാര്യ (റൂൾസ്-ബി) വകുപ്പ്<br>(20.12.2019 ലെ റൂൾസ് ബി1/120/2019-ധന (E 1293438) നമ്പർ കത്ത് മുഖേന ലഭിച്ചത്) |

| | | |
|---|---|---|
| | നിശ്ചിത കാലത്തേക്ക് ശമ്പളത്തോടുകൂടിയ "ചൈൽഡ് കെയർ ലീവ് " അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. **(ഖണ്ഡിക നം. 20)** | I. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഞായർ, രണ്ടാം ശനി, 27 പൊതു അവധികൾ ഉൾപ്പെടെ ഏകദേശം 87 അവധി ദിനങ്ങൾ കഴിഞ്ഞ് 278 പ്രവൃത്തി ദിവസങ്ങളാണ് ഒരു വർഷത്തിൽ ഉള്ളത് . 2019 വർഷത്തെ കലണ്ടർ പ്രകാരം അതിൽ 5 പൊതു അവധികൾ മാത്രമാണ് ഞായർ, രണ്ടാം ശനി ദിവസങ്ങൾ വന്നുമൂലം നഷ്ടപ്പെട്ടിട്ടുള്ളത്. വെക്കേഷൻ വകുപ്പിലെ ജീവനക്കാർക്ക് 2 മാസത്തെ വെക്കേഷനും അർഹതയുണ്ട്. ടി അവധികൾക്ക് പുറമെ വനിതാ ജീവനക്കാർക്ക് ചുവടെ ചേർത്തിരിക്കുന്ന അവധി ആനുകൂല്യങ്ങൾ കൂടി അപേക്ഷയുടെ അടിസ്ഥാനത്തിൽ അനുവദിച്ചു വരുന്നു.<br>i. ഒരു വർഷത്തിൽ 20 ദിവസത്തെ ആകസ്മികാവധി.<br>ii. 11 ദിവസത്തെ ഡ്യൂട്ടിക്ക് ഒന്ന് എന്ന നിരക്കിൽ ഒരു വർഷം 33 ദിവസത്തെ ആർജ്ജിതാവധി (വെക്കേഷൻ വകുപ്പിലെ ജീവനക്കാർക്ക് വെക്കേഷൻ തടയപ്പെടുന്ന ദിവസങ്ങൾക്ക് ആനുപാതികമായി മാത്രമാണ് അർഹതയുള്ളത്.)<br>iii. ഒരു വർഷത്തെ സേവനം പൂർത്തിയാകുമ്പോൾ 20 ദിവസത്തെ അർദ്ധവേതനാവധി<br>iv. ആർജ്ജിതാവധി ഒഴികെയുള്ള എല്ലാ സർവീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതരത്തിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധി.<br>v. 180 ദിവസം വരെ പ്രസവാവധിയും ചൈൽഡ് അഡോപ്ഷൻ ലീവും.<br>vi. പ്രസവം നിർത്തുന്നതിനും അനുബന്ധ ചികിത്സകൾക്കും പ്രത്യേക ആകസ്മികാവധി<br>vii. അബോർഷൻ സംഭവിക്കുന്ന സാഹചര്യത്തിൽ 42 ദിവസത്തെ |

| | | |
|---|---|---|
| | | അവധി.<br>viii. ഹിസ്റ്ററക്ടമിക്ക് വിധേയരാകുന്നവർക്ക് 45 ദിവസത്തെ അവധി<br>ix. ലൈംഗികാതിക്രമം സംബന്ധിച്ച അന്വേഷണവുമായി ബന്ധപ്പെട്ട് 90 ദിവസം വരെ പ്രത്യേക അവധി.<br><br>II. ഇതിന് പുറമെ പ്രസവാവധിക്ക് തുടർച്ചയായി 60 ദിവസം വരെ അവധി കാലയളവ് ആർജ്ജിതാവധിക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിലും തുടർന്ന് കുഞ്ഞിന് മാതാവിന്റെ പരിചരണവും സാമീപ്യവും ആവശ്യമാണെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം അവധി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിലും ശൂന്യവേതനാവധിയും അനുവദിച്ച് വരുന്നു.<br><br>III. മുൻ ഖണ്ഡികകളിൽ പറഞ്ഞിരിക്കുന്ന അവധികൾക്ക് പുറമെ "ചൈൽഡ് കെയർ ലീവ് " കൂടി അനുവദിക്കുന്നത് ഭരണപരമായ നിരവധി ബുദ്ധിമുട്ടുകൾ ഉണ്ടാക്കാനിടയുണ്ട്. സ്പാർക്കിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം കേരള സർക്കാരിന് കീഴിലുള്ള വിവിധ വകുപ്പുകളിലായി ഏകദേശം 2,51,962 വനിതാ ജീവനക്കാർ ഉണ്ട്. അതിൽ തന്നെ 1,30,000 പേരോളം വിദ്യാഭ്യാസ മേഖലയിലാണുള്ളത്. അക്കാദമിക് വർഷാവസാനവും പരീക്ഷാ കാലവുമായ മാർച്ച് - ഏപ്രിൽ മാസങ്ങളിൽ അദ്ധ്യാപികമാർ ഈ ആവശ്യത്തിനായി അവധിയിൽ പ്രവേശിക്കുകയാണെങ്കിൽ അത് വിദ്യാർത്ഥികളുടെ പഠനത്തെയും പരീക്ഷാ നടത്തിപ്പിനെയും ബാധിക്കുവാനിടയുണ്ട്. കൂടാതെ ഇതേ ആവശ്യത്തിനായി വെക്കേഷൻ കാലയളവിൽ മറ്റ് വനിതാ ജീവനക്കാർ കൂട്ടത്തോടെ അവധിയിൽ പ്രവേശിക്കുകയാണെങ്കിൽ അത് ഓഫീസുകളുടെ സുഗമമായ പ്രവർത്തനത്തെയും കാര്യമായി ബാധിക്കുവാൻ |

| | | |
|---|---|---|
| | | സാധ്യതയുണ്ട്. ടി അവധിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പകരം നിയമനം നടത്തുന്നത് വഴി സർക്കാരിന് വൻ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതുമാണ്. ആയതിനാൽ സർക്കാർ വനിതാ ജീവനക്കാർക്ക് "ചൈൽഡ് കെയർ ലീവ് " അനുവദിക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണിക്കാനാകില്ല.<br><br>(19.03.2020 ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 7. | 25.02.2017-ലെ സ.ഉ.(പി)3/17/ഉ.ഭ.പ.വ., 29.08.2017-ലെ സ.ഉ.(എം.എസ്) 18/2017/ഉഭപവ നമ്പർ ഭേദഗതി ഉത്തരവ് എന്നിവ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡ്, കോർപ്പറേഷൻ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ഭിന്നശേഷിയുള്ള ജീവനക്കാർക്കുകൂടി ബാധകമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>**(ഖണ്ഡിക നം. 23)** | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ 14) വകുപ്പ്<br>(15.02.2021 ലെ എ.ആർ 14-1/218/2018/ഉ.ഭ.പ.വ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച സർക്കാർ ഉത്തരവ് സ.ഉ(പി)നം.3/2017/ഉഭപവ തീയതി 25.02.2017 പ്രകാരം വികലാംഗരായ സർക്കാർ ജീവനക്കാർക്ക് സ്ഥലംമാറ്റത്തിനുള്ള പരിരക്ഷ അഞ്ചു വർഷമാണ്.<br><br>പിന്നീട് 60%ത്തിലധികം ഡിസെബിലിറ്റിയുള്ളവർക്ക് പ്രത്യേക പരിഗണന നൽകുന്നതിനായി പുറപ്പെടുവിച്ച സ.ഉ.(എം.എസ്) നം.18/2017/ഉഭപവ തീയതി 29.08.2017 നമ്പർ ഭേദഗതി ഉത്തരവ് പ്രകാരം പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷത്തിനുശേഷം ആ പോസ്റ്റിലേക്ക് 60%ത്തിലധികം disability ഉള്ളവർ അപേക്ഷിച്ചാൽ മാത്രം സ്ഥലംമാറ്റം നൽകിയാൽ മതി എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു.<br><br>29.08.2017 ലെ പ്രസ്തുത ഉത്തരവ് പുനഃ പരിശോധിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.മുകുന്ദൻ പിള്ള സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ നൽകിയ പരാതിയിന്മേൽ |

| | | |
|---|---|---|
| | | ഈ വകുപ്പ് സമിതിയ്ക്ക് നൽകിയ നടപടി റിപ്പോർട്ട് പരിശോധിച്ച സമിതി ആയത് അംഗീകരിക്കുകയും മേൽ പ്രസ്താവിച്ച രണ്ട് ഉത്തരവുകളും സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡ്, കോർപ്പറേഷനുകൾ എന്നിവയിൽ കൂടി നടപ്പാക്കുവാനും ശിപാർശ ചെയ്തിരുന്നു. <br> സ.ഉ.(പി)നം.3/2017/ഉഭപവ തീയതി 25.02.2017, സ.ഉ(എം.എസ്) നം.18/2017/ഉഭപവ തീയതി 29.08.2017 എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാന ജീവനക്കാർക്കായി പുറപ്പെടുവിച്ച ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡ്, കോർപ്പറേഷൻ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ഭിന്നശേഷിയുള്ള ജീവനക്കാർക്കു കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം III ആയി ചേർത്തിരിക്കുന്നു.) <br> (09.09.2021-ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 8. | കുട്ടികളിലെ ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, പഠന വൈകല്യങ്ങൾ എന്നിവ അധ്യാപകർക്ക് തിരിച്ചറിയാൻ കഴിയുന്ന വിധത്തിൽ ടി.ടി.സി., ബി.എഡ്., എം.എഡ്. എന്നിവയുടെ സിലബസ്സുകൾ കാലഘട്ടത്തിന് അനുയോജ്യമായ രീതിയിൽ പരിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. <br> **(ഖണ്ഡിക നം. 25)** | ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ് <br> (30.10.2022 ലെ ബി4/144/2022/ഉ.വി.വ നമ്പർ കത്ത് മുഖേന ലഭിച്ചത്) <br> കേരള സർവ്വകലാശാലയുടെ ബി.എഡ്., എം.എഡ്. എന്നീ കോഴ്സുകളുടെ സിലബസുകളിൽ "Advanced Educational Psychology, Learning disabilities and difficulties, inclusive Education & Assistive Technologies "എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. <br> മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ബി.എഡ്., എം.എഡ്, ബി.എഡ്(സ്പെഷ്യൽ എഡ്യുക്കേഷൻ), എം.എഡ്(സ്പെഷ്യൽ |

| | | |
|---|---|---|
| | | എഡ്യൂക്കേഷൻ) എന്നീ പ്രോഗ്രാമുകളാണ് നടത്തി വരുന്നത്. നിലവിൽ സ്പെഷ്യൽ എഡ്യൂക്കേഷനിൽ നാലു കോളേജുകളിൽ ബി.എഡ്. പ്രോഗ്രാമും ഒരു കോളേജിൽ എം.എഡ്. പ്രോഗ്രാമും നടത്തുന്നുണ്ട്. ജനറൽ ബി.എഡ്.പ്രോഗ്രാമിലെ സൈക്കോളജി പേപ്പറിലെ 'സ്പെഷ്യൽ സ്കൂൾസ്" എന്ന ഭാഗത്തും, ഇലക്ടീവായ 'സ്പെഷ്യൽ എഡ്യൂക്കേഷൻ' എന്ന പേപ്പറിലും ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, പഠനവൈകല്യങ്ങൾ തുടങ്ങിയ കുട്ടികളുടെ മാനസിക ശാരീരിക ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും ഇത്തരം കുട്ടികളെ കണ്ടെത്തി അവർക്കാവശ്യമായ പരിശീലനം നൽകുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും പഠിപ്പിക്കുന്നുണ്ട്. എം.എഡ് പ്രോഗ്രാമിന്റെ അഡ്വാൻസ്ഡ് എഡ്യൂക്കേഷണൽ സൈക്കോളജി, ഇൻഡിവിജ്വൽ ഡിഫറൻസ്സ് എന്ന കോർ കോഴ്സിൽ "എക്സെപ്ഷണൽ ചിൽഡ്രൻ" എന്ന വിഭാഗത്തിൽ ബുദ്ധിമാന്ദ്യം, പഠനവൈകല്യങ്ങൾ, സർക്കാരും എൻ.ജി.ഒ.കളും രൂപവൽക്കരിക്കുന്ന പോളിസികളും പ്രോഗ്രാമുകളും എന്നിവ സംബന്ധിക്കുന്ന പാഠ്യ ഭാഗങ്ങൾ കൂടാതെ "ഗൈഡൻസ് ആൻഡ് കൗൺസിലിംഗ്" എന്ന ഇലക്ടീവ് കോഴ്സിൽ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് ഫോർ ചിൽഡ്രൺ വിത്ത് സ്പെഷ്യൽ നീഡ്സ് എന്ന വിഭാഗം, "ഇൻക്ലൂസീവ് എഡ്യൂക്കേഷൻ" എന്ന ഇലക്ടീവ് കോഴ്സ് ഇവയെല്ലാം ഇതിനോടകം ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഇൻക്ലൂസീവ് എഡ്യൂക്കേഷൻ പദ്ധതിക്ക് പ്രാധാന്യം നൽകിയിരിക്കുന്ന ഈ കാലഘട്ടത്തിൽ എല്ലാ വിഭാഗം കുട്ടികളെയും തിരിച്ചറിഞ്ഞ് അവർക്കു വേണ്ടതായ പഠന പദ്ധതികൾ തയ്യാറാക്കി പഠിപ്പിക്കുവാനും അനുയോജ്യമായവിധം മൂല്യ നിർണ്ണയം നടത്താനും എല്ലാത്തരം ടീച്ചേഴ്സിനെയും പ്രാപ്തരാക്കുന്ന വിഷയങ്ങളിൽ കൂടുതൽ |

| | | |
|---|---|---|
| | | പ്രാധാന്യം നൽകിക്കൊണ്ട് ബി.എഡ്., എം.എഡ്. പ്രോഗ്രാമുകളുടെ സിലബസുകൾ മാറിവരുന്ന കാലഘട്ടത്തിനു അനുയോജ്യമായി നൂതനമായ അറിവുകളും മാർഗ്ഗങ്ങളും കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനുള്ള നടപടി സർവ്വകലാശാലകൾ പരിഗണിക്കുന്നുണ്ട്.<br><br>കുട്ടികളിലെ ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, പഠന വൈകല്യങ്ങൾ എന്നിവ അദ്ധ്യാപകർക്ക് തിരിച്ചറിയാൻ കഴിയുന്ന വിധത്തിൽ ബി.എഡ്., എം.എഡ്. എന്നിവയുടെ സിലബസുകൾ കാലഘട്ടത്തിന് അനുയോജ്യമായ രീതിയിൽ പരിഷ്കരിക്കണം എന്ന നിർദ്ദേശം അടുത്ത സിലബസ് പരിഷ്കരണവേളയിൽ ബന്ധപ്പെട്ട അക്കാദമിക് ബോഡിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ് എന്ന് കണ്ണൂർ, കാലിക്കറ്റ് സർവ്വകലാശാലകൾ അറിയിച്ചിട്ടുണ്ട്.<br><br>( 27.12.2022 ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 9 | സ്ത്രീകൾക്ക് കൂടുതൽ സഹായം ലഭിക്കത്തക്കവിധം വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരുടെ എണ്ണം വർദ്ധിപ്പിക്കണമെന്നും ഇവരുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ ഭൗതിക സംവിധാനങ്ങൾ സജ്ജമാക്കി ജില്ലാ സാമൂഹ്യനീതി ഓഫീസിന്റെ ഭാഗമായി ഇവരെ വിന്യസിക്കുവാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br><br>**(ഖണ്ഡിക നം. 28)** | വനിത ശിശു വികസന (എ) വകുപ്പ്<br><br>(25.10.2022 ലെ ഡബ്ല്യൂ.സി.ഡി-എ 3/41/2022 നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>ഗാർഹിക അതിക്രമങ്ങളിൽ നിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണ നിയമം 2005 ന്റെ ഫലപ്രദമായ നടത്തിപ്പിനായി സംസ്ഥാനത്തെ 14 ജില്ലകളിലും വനിതാ സംരക്ഷണ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. അത്തരത്തിൽ നിയമിതരായ എല്ലാ വനിതാ സംരക്ഷണ ഓഫീസർമാർക്കും തങ്ങളുടെ പ്രവർത്തനങ്ങൾക്കായി ഓഫീസും മറ്റു ഭൗതിക സാഹചര്യങ്ങളും അനുവദിച്ചു നല്കിയിട്ടുണ്ട്. ആയതിനു പുറമെ എല്ലാ വനിതാ സംരക്ഷണ ഓഫീസുകളിലും സ്ഥിരം ജീവനക്കാർ, ഒരു ക്ലാർക്ക്, ഒരു ഓഫീസ് അറ്റൻഡർ എന്നിവരും കരാർ അടിസ്ഥാനത്തിൽ ഒരു മെസഞ്ചറും, വാഹനവും ലഭ്യമാണ്. |

| | | |
|---|---|---|
| | **27.12.2022 ൽ സമിതി ആരാഞ്ഞ അധികവിവരം**<br>14 ജില്ലകളിലും പ്രവർത്തിക്കുന്ന വനിതാ സംരക്ഷണ ഓഫീസർമാരുടെ പേരും ഫോൺ നമ്പരും സഹിതമുള്ള വിവരങ്ങളും നിലവിലുള്ള ചുമതലകളും ഉത്തരവാദിത്തങ്ങളും എന്തൊക്കെയാണെന്നും കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഓരോ ജില്ലയിലും ഇവർ എത്ര കേസുകൾ ഏറ്റെടുത്തിട്ടുണ്ടെന്നും, എത്ര പേർക്ക് സഹായം നൽകാൻ സാധിച്ചു എന്നുമുള്ളതിന്റെ വിശദാംശങ്ങൾ വകുപ്പിനോട് ആരായാൻ തീരുമാനിച്ചു. | ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 ആക്ട് ഫലപ്രദമായി നടപ്പിലാക്കുന്നതിനായി നിയമം അനുശാസിക്കും പ്രകാരം നിലവിൽ 80 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ആയതിനു പുറമെ പുതുതായി 11 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് ലഭിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ തുടങ്ങുന്നതിന്റെ നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>( 27.12.2022 ലെ യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)<br><br>വനിത ശിശു വികസന (എ) വകുപ്പ്<br>(06.11.2023 ലെ വ.ശി.വി.വ-എ 3/41/2022/വ.ശി.വി.വ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>വനിതാസംരക്ഷണ ഓഫീസർ<br><br>ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകൾക്കുള്ള സംരക്ഷണ നിയമം - 2005, 26.10.2006 മുതൽ രാജ്യത്ത് നിലവിൽ വന്നു. പ്രസ്തുത നിയമത്തിലെ വകുപ്പ് 8(1) പ്രകാരം ഗാർഹിക പീഡനം തടയുന്നതിനാവശ്യമായ നടപടികൾ നിർവഹിക്കുന്നതിനായി ഓരോ ജില്ലയിലും നിയമിക്കപ്പെടുന്ന ഓഫീസറാണ് വനിത സംരക്ഷണ ഓഫീസർ.<br><br>14 ജില്ലകളിലും പ്രവർത്തിക്കുന്ന വനിതാസംരക്ഷണ ഓഫീസർമാരുടെ വിശദാംശം ചുവടെ ചേർക്കുന്നു. |

**വനിത സംരക്ഷണ ഓഫീസർമാരുടെ പേരും ഫോൺ നമ്പരും**

| **ക്രമ നം.** | **ജില്ല** | **വനിത സംരക്ഷണ ഓഫീസർമാരുടെ പേര്** | **ടെലഫോൺ നം.** |
|---|---|---|---|
| 1 | തിരുവനന്തപുരം | ശ്രീമതി ജീജ എസ് | 8281201621 |
| 2 | കൊല്ലം | ശ്രീമതി പ്രസന്നകുമാരി ജി. | 9497532399 |
| 3 | പത്തനംതിട്ട | ശ്രീമതി നിസ്സ എ | 9446454963 |
| 4 | ആലപ്പുഴ | ശ്രീമതി സൗമ്യ ആർ | 9495607445 |
| 5 | കോട്ടയം | ശ്രീമതി സുനിത എം.വി | 9446494919 |
| 6 | ഇടുക്കി | ശ്രീമതി പ്രമീള എ.എസ് | 9495207870 |
| 7 | എറണാകുളം | ശ്രീമതി താഹിറാ ബീവി എച്ച് | 9477923035 |
| 8 | തൃശ്ശൂർ | ശ്രീമതി മായ എസ് പണിക്കർ | 8907557875 |
| 9 | പാലക്കാട് | ശ്രീമതി ലൈജു വി.എസ്. | 9447557875 |
| 10 | മലപ്പുറം | ശ്രീമതി ശ്രുതി റ്റി.എം | 9995337446 |
| 11 | കോഴിക്കോട് | ശ്രീമതി ലിൻസി എ.കെ | 9446693293 |
| 12 | വയനാട് | ശ്രീമതി ജീജ എ | 8075299571 |
| 13 | കണ്ണൂർ | ശ്രീമതി സുലജ പി. | 9895098670 |
| 14 | കാസർഗോഡ് | ശ്രീമതി ജ്യോതി പി. | 9446326341 |

| | | |
|---|---|---|
| | | <u>നിലവിലുള്ള ചുമതലകളും ഉത്തരവാദിത്തങ്ങളും</u><br>ഗാർഹിക അതിക്രമങ്ങളിൽ നിന്നും വനിതകളെ സംരക്ഷിക്കുന്നതിനുള്ള നിയമം 2005 സെക്ഷൻ 8(1) പ്രകാരം നിയമിക്കുന്നവരാണ് വനിത സംരക്ഷണ ഓഫീസർമാർ. ഈ ആക്ട് നടപ്പിലാക്കുന്നതിന് നിയമിക്കപ്പെട്ട ടി വിഭാഗം ഉദ്യോഗസ്ഥരുടെ ചുമതലകൾ ചുവടെ ചേർക്കുന്നു.<br>1. ഗാർഹിക അതിക്രമങ്ങളിൽ നിന്നും വനിതകളെ സംരക്ഷിക്കുന്നതിനുള്ള നിയമം 2005 പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് മജിസ്ട്രേറ്റിനെ സഹായിക്കുക.<br>2. പരാതിക്കാരിൽ നിന്നും ലഭിച്ച പരാതി അനുസരിച്ച് നിശ്ചിത ഫോറത്തിൽ ഡൊമസ്റ്റിക് ഇൻസിഡന്റ് റിപ്പോർട്ട് തയ്യാറാക്കി അത് ബന്ധപ്പെട്ട മജിസ്ട്രേറ്റിന് സമർപ്പിക്കുകയും പകർപ്പുകൾ പോലീസ് ഉദ്യോഗസ്ഥൻ, സർവ്വീസ് പ്രൊവൈഡർ എന്നിവർക്ക് നൽകുകയും ചെയ്യുക.<br>3. പ്രൊട്ടക്ഷൻ ഉത്തരവ് ലഭിക്കുന്നതിന് പരാതിക്കാരിയുടെ ആവശ്യപ്രകാരം നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ തയ്യാറാക്കി മജിസ്ട്രേറ്റിന് നൽകുക.<br>4. സൗജന്യ നിയമ സഹായം ലഭിക്കുന്നതിനുള്ള അപേക്ഷാ ഫോറം സൗജന്യമായി നൽകുകയും നിയമ സഹായം ലഭ്യമായി എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക.<br>5. തന്റെ സേവന പരിധിയിൽ ഉള്ള സർവ്വീസ് പ്രൊവൈഡർ, കൗൺസിലിംഗ് സേവനങ്ങൾ, ഷെൽട്ടർ ഹോമുകൾ, |

| | | |
|---|---|---|
| | | ആരോഗ്യ സംവിധാനങ്ങൾ എന്നിവയുടെ ഡയറക്ടറി തയ്യാറാക്കി സൂക്ഷിക്കുക.<br>6. പരാതിക്കാരി ആവശ്യപ്പെടുന്നുവെങ്കിൽ അവർക്ക് സുരക്ഷിത ഷെൽട്ടർ ഹോം ലഭ്യമാക്കുകയും ഈ വിവരം ഷെൽട്ടർ ഹോം സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ബന്ധപ്പെട്ട മജിസ്ട്രേറ്റ്, പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ റിപ്പോർട്ട് ചെയ്യുക.<br>7. ഗാർഹിക അതിക്രമത്തിന് ഇരയായവർക്ക് ശാരീരിക ക്ഷതം ഏറ്റിട്ടുണ്ടെങ്കിൽ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കേണ്ടതും വൈദ്യപരിശോധനാ റിപ്പോർട്ട് ഗാർഹിക അതിക്രമം നടന്നതായി ആരോപിക്കപ്പെടുന്ന സ്ഥലത്തെ അധികാര പരിധിയിലുള്ള പോലീസ് സ്റ്റേഷൻ, മജിസ്ട്രേറ്റ് മുമ്പാകെ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.<br>8. 20-ാം വകുപ്പ് അനുസരിച്ച് ഉത്തരവായിട്ടുള്ള സാമ്പത്തിക സഹായം ലഭ്യമായി എന്ന് ഉറപ്പ് വരുത്തുക.<br>9. ചട്ടങ്ങളാൽ നിശ്ചയിച്ചിട്ടുള്ള ഇത്തരത്തിലുള്ള മറ്റേതെങ്കിലും ചുമതലകൾ നിർവ്വഹിക്കുക.<br>10. പ്രൊട്ടക്ഷൻ ഓഫീസർമാർ വനിത ശിശുവികസന വകുപ്പിന്റെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും ആയിരിക്കും. മജിസ്ട്രേറ്റ് നല്കുന്ന ചുമതലകൾ കൃത്യമായി പാലിക്കേണ്ടതാണ്.<br>11. ഓഫീസ് പൊതുജന സൗഹൃദവും സുതാര്യവുമായിരിക്കണം. സേവനങ്ങൾ നിശ്ചയിക്കപ്പെട്ടിരിക്കുന്നതായ സമയ പരിധിക്കുള്ളിൽ തന്നെ നൽകേണ്ടതാണ്. |

| | | |
|---|---|---|
| | | 12. ഓഫീസ് പ്രവർത്തന സമയം പൂർണ്ണമായും പാലിക്കേണ്ടതാണ്. ജീവനക്കാരുടെ കൃത്യനിഷ്ഠ ഉറപ്പുവരുത്തേണ്ടതാണ്.<br>13. പരാതിക്കാരി ആഗ്രഹിക്കുന്നുവെങ്കിൽ പരാതി തയ്യാറാക്കുന്നതിന് സഹായിക്കുക.<br>14. ഗാർഹിക പീഡിതയ്ക്ക് ഈ നിയമ പ്രകാരം ലഭ്യമായിട്ടുള്ള അവകാശങ്ങൾ, ഫോറം IV-ൽ കൊടുത്തിട്ടുള്ളത് ഇംഗ്ലീഷിലോ മലയാളത്തിലോ നൽകുക.<br>15. വകുപ്പ് 12, 23(2) അല്ലെങ്കിൽ മറ്റേതെങ്കിലും വകുപ്പോ ചട്ടങ്ങളോ പ്രകാരമുള്ള അപേക്ഷ തയ്യാറാക്കുന്നതിന് സഹായിക്കുക.<br>16. ഗാർഹിക പീഡിതയുമായി ചർച്ച ചെയ്ത് പീഡനം ആവർത്തിക്കാതിരിക്കാനുള്ള ഒരു സേഫ്റ്റി പ്ലാൻ ഫോറം പ്രകാരം തയ്യാറാക്കുക. വകുപ്പ് 12 പ്രകാരമുള്ള അപേക്ഷ നൽകുകയും പൊതു സാഹചര്യം കണക്കിലെടുക്കുകയും ചെയ്തിരിക്കേണ്ടതാണ്.<br>17. ഗാർഹിക പീഡിതയ്ക്കും കുട്ടിയ്ക്കും വൈദ്യസഹായം, യാത്രാ സൗകര്യം ഉൾപ്പടെ ലഭ്യമാക്കുക.<br>18. ഗാർഹിക പീഡിതയും കുട്ടിയും സുരക്ഷിത സ്ഥലത്ത് എത്തുന്നതിനുള്ള വാഹന സൗകര്യം ലഭ്യമാക്കുക<br>19. ഈ നിയമപ്രകാരമുള്ള നടപടികൾക്ക് സേവനം ആവശ്യമുണ്ടെന്ന് സർവ്വീസ് പ്രൊവൈഡറെ അറിയിക്കുക. |

| | | |
|---|---|---|
| | | വകുപ്പ് 14(1) പ്രകാരമുള്ള കൗൺസിലർമാർ, വകുപ്പ് 15 പ്രകാരമുള്ള വെൽഫെയർ എക്സ്പേർട്ട് എന്നിവരെ നിയമിക്കുന്നതിനാവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അപേക്ഷകൾ നൽകുവാൻ സർവ്വീസ് പ്രൊവൈഡർമാരെ ക്ഷണിക്കുക.<br>20. മൂന്ന് വർഷത്തിലൊരിക്കൽ പുതിയ അപേക്ഷകൾ ക്ഷണിച്ച് കൗൺസിലർമാരുടെ പുതുക്കിയ ലിസ്റ്റ് തയ്യാറാക്കി ബന്ധപ്പെട്ട മജിസ്ട്രേറ്റിന് അയച്ചുകൊടുക്കുക.<br>21. വകുപ്പ് 9, 12, 20, 21, 22, 23 കൂടാതെ മറ്റേതെങ്കിലും വകുപ്പോ ചട്ടങ്ങളോ പ്രകാരം അയച്ചിട്ടുള്ള റിപ്പോർട്ടിന്റെയോ രേഖയുടേയൊ പകർപ്പുകളും ഇവ സംബന്ധിച്ച ഒരു റെക്കോർഡും സൂക്ഷിക്കുക.<br>22. ഗാർഹിക പീഡനം നടന്നതായി റിപ്പോർട്ട് ചെയ്തതിന്റെ പേരിൽ പരാതിക്കാരിയെയോ കുട്ടിയേയോ സമ്മർദ്ദതന്ത്രങ്ങൾക്ക് വിധേയമാക്കുകയോ ബലിയാടാക്കപ്പെടുകയോ ചെയ്യുന്നില്ലെന്ന് ഉറപ്പു വരുത്തുവാൻ സാധ്യമായ എല്ലാ സഹായങ്ങളും നൽകുക.<br>23. ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രകാരം "ഗാർഹിക പീഡിത, പോലീസ് സർവ്വീസ് പ്രൊവൈഡർ" എന്നിവരുമായി യോജിച്ച് പ്രവർത്തിക്കുക.<br>24. പ്രവർത്തന പരിധിയിലുള്ള സർവ്വീസ് പ്രൊവൈഡർ, ആരോഗ്യ സേവനങ്ങൾ, ഷെൽട്ടർ ഹോമുകൾ എന്നിവയെ സംബന്ധിച്ച മതിയായ രേഖകൾ സൂക്ഷിക്കുക. |

| | | |
|---|---|---|
| | | 25. വകുപ്പ് 9(1) (എ) മുതൽ (എച്ച്) വരെ പരാമർശിക്കുന്ന ചുമതലകൾ കൂടാതെ താഴെ പറയുന്ന ചുമതലകൾ കൂടി പ്രൊട്ടക്ഷൻ ഓഫീസർമാർക്ക് നിജപ്പെടുത്തിയിരിക്കുന്നു.<br>(എ) ഗാർഹിക അതിക്രമ നിയമം 2005 – നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി ഗാർഹിക അതിക്രമത്തിന് ഇരയായവരെ അതിൽ നിന്ന് രക്ഷിക്കുക.<br>(ബി) ഗാർഹിക അതിക്രമ നിയമം 2005- നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി പരാതിക്കാരിക്ക് എതിരെ ഗാർഹിക അതിക്രമം ആവർത്തിക്കുന്നതും തടയുവാൻ ഉചിതമായ എല്ലാ നടപടികളും സ്വീകരിക്കുക.<br>26. അടിയന്തര ഘട്ടങ്ങളിൽ പ്രൊട്ടക്ഷൻ ഓഫീസർക്കോ, സർവ്വീസ് പ്രൊവൈഡർക്കോ ടെലഫോൺ, ഇ-മെയിൽ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയോ ഗാർഹിക പീഡനം നടന്നതായോ നടക്കുവാൻ സാദ്ധ്യത ഉണ്ടെന്നോ ഗാർഹിക പീഡിതയിൽ നിന്നോ മറ്റു വിശ്വസനീയമായ കേന്ദ്രങ്ങളിൽ നിന്നോ വിവരം ലഭിച്ചാൽ പ്രൊട്ടക്ഷൻ ഓഫീസറോ, സർവ്വീസ് പ്രൊവൈഡറോ ഉടനെ തന്നെ പോലീസിന്റെ സഹായത്തോടെ സംഭവസ്ഥലം സന്ദർശിച്ച് ഗാർഹിക പീഡന റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട മജിസ്ട്രേറ്റിന് നൽകേണ്ടതാണ്.<br>27. മജിസ്ട്രേറ്റ് ഒരു കത്തിലൂടെ ഇപ്രകാരം പ്രവർത്തിക്കണമെന്ന് പ്രൊട്ടക്ഷൻ ഓഫീസറോട് നിർദ്ദേശിക്കുമ്പോൾ<br>(എ) ഗാർഹിക പീഡിത ഒന്നിച്ച് താമസിച്ച വീട്ടു പരിസരം |

| | | |
|---|---|---|
| | | സന്ദർശിച്ച്, പരാതിക്കാരിക്ക് അനുകൂലമായി ഒരു ഇടക്കാല എക്സ്പാർട്ടി ഉത്തരവ് പുറപ്പെടുവിക്കുവാൻ ആവശ്യമായ വിശദീകരണം നൽകുവാൻ കോടതി ഉത്തരവിടുമ്പോൾ, അന്വേഷണ റിപ്പോർട്ട് നൽകുക.<br>(ബി) ശമ്പളം, ബാങ്ക് അക്കൗണ്ടുകൾ, സ്വത്തുവിവരം മറ്റ് ഏതെങ്കിലും രേഖകൾ എന്നിവയെക്കുറിച്ച് കോടതി നിർദ്ദേശിക്കുന്ന പ്രകാരം ഉചിതമായ അന്വേഷണം നടത്തുക.<br>(സി) സ്വർണ്ണം, സമ്മാനങ്ങൾ, ഒന്നിച്ച് താമസിച്ചിരുന്ന വീട് എന്നിവ ഗാർഹിക പീഡിതയ്ക്ക് പുനഃസ്ഥാപിച്ച് നൽകുക.<br>(ഡി) കുട്ടിയുടെ കസ്റ്റഡി പുനസ്ഥാപിക്കുന്നതിന് പരാതിക്കാരിയെ സഹായിക്കുകയും കോടതി നിർദ്ദേശിക്കുന്നയാളുടെ മേൽനോട്ടത്തിൽ കുട്ടികളെ സന്ദർശിക്കുന്നതിനുള്ള അവകാശം നേടിയെടുക്കുകയും ചെയ്യുക.<br>(ഇ) ഗാർഹിക പീഡന നിരോധന നിയമം 2005 സെക്ഷൻ 12, 18, 19, 20, 21, 23 എന്നീ വകുപ്പുകൾ പ്രകാരമുള്ള ഉത്തരവുകൾ ഉൾപ്പെടെയുള്ള കോടതി ഉത്തരവുകൾ നടപ്പിലാക്കുന്നതിന് കോടതി ഉത്തരവ് പ്രകാരം ആവശ്യമായ സഹായം നൽകുക.<br>(എഫ്) ഗാർഹിക അതിക്രമത്തിന് ഉപയോഗിച്ചതായി കരുതപ്പെടുന്ന ഒരോ ആയുധവും കണ്ടുകെട്ടുന്നതിന് ആവശ്യമെങ്കിൽ പോലീസ് സഹായം തേടുക. |

| | | |
|---|---|---|
| | | 28. സംസ്ഥാന സർക്കാരോ മജിസ്ട്രേറ്റോ ഈ നിയമത്തിലെയോ ചട്ടങ്ങളിലെയോ കർത്തവ്യങ്ങൾ പ്രയോഗത്തിലാക്കുന്നതിന് കാലാകാലങ്ങളിൽ ഏല്പിക്കുന്ന ചുമതലകൾ പ്രൊട്ടക്ഷൻ ഓഫീസർ നിർവ്വഹിക്കണം.<br>29. ഏതെങ്കിലുമൊരു കേസ്സിന് ഫലപ്രദമായി പരിഹാര നടപടികൾക്ക് ആവശ്യമായ ഉത്തരവുകൾ ഇടുന്നതോടൊപ്പം കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് ചില പൊതു നടപടിക്രമങ്ങൾ പാലിക്കണമെന്നു കൂടി മജിസ്ട്രേറ്റിന് നിർദ്ദേശിക്കാവുന്നതും ഇത് പ്രൊട്ടക്ഷൻ ഓഫീസർ പാലിക്കേണ്ടതുമാണ്.<br><u>സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുമായി ബന്ധപ്പെട്ടവ</u><br>• എല്ലാ മാസവും സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ സന്ദർശിക്കേണ്ടതും ഗാർഹിക പീഡന രജിസ്റ്റർ ഉൾപ്പെടെ എല്ലാ രജിസ്റ്ററുകളും പരിശോധിക്കേണ്ടതുമാണ്. സേവനദാതാവിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് (സേവന ദാതാക്കൾക്കുള്ള മാതൃകാ പ്രവർത്തന നടപടി ക്രമത്തിലെ അനുബന്ധം 8, ക്രോഡീകരിച്ച പ്രതിമാസ റിപ്പോർട്ട് (Excel sheet), പ്രചരണ പ്രവർത്തനങ്ങളുടെ റിപ്പോർട്ട്, ഫണ്ട് വിനിയോഗം എന്നിവ സൂക്ഷ്മമായി പരിശോധിക്കേണ്ടതും പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്. എക്സൽ ഷീറ്റിലുള്ള ക്രോഡീകരിച്ച പ്രതിമാസ റിപ്പോർട്ട് എല്ലാ മാസവും 10-ാം തീയതിക്ക് മുമ്പായി ജില്ലാ വനിതാ ശിശുവികസന ഓഫീസർക്ക് നൽകേണ്ടതാണ്. സേവനദാതാക്കളുടെ പ്രവർത്തനം, റിപ്പോർട്ട് നൽകൽ എന്നിവ തൃപ്തികരമല്ലെങ്കിൽ ജില്ലാ വനിതാ ശിശുവികസന ഓഫീസർക്ക് റിപ്പോർട്ട് നൽകേണ്ടതാണ്. |

| | | |
|---|---|---|
| | | • തുടർച്ചയായി മൂന്നു മാസം പ്രതിമാസ റിപ്പോർട്ട് സമർപ്പിക്കാത്തതോ, സേവനദാതാവ് നിഷ്കർഷിച്ചിട്ടുള്ള പ്രവൃത്തി സമയത്ത് സേവനങ്ങൾ നൽകാതിരിക്കുകയോ ഓഫീസ് അടച്ചിടുകയോ, പ്രവർത്തനം തൃപ്തികരമല്ലാത്തതോ ആയ അവസരത്തിൽ സേവനദാതാവിൽ നിന്നും വിശദീകരണം തൃപ്തികരമല്ലാതിരിക്കുകയോ, കൃത്യവിലോപം ആവർത്തിക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ സേവനദാതാവിന്റെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിന് വ്യക്തമായ കാരണസഹിതം ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് ശിപാർശ സമർപ്പിക്കേണ്ടതും ജില്ലാ വനിത ശിശു വികസന ഓഫീസർ ഡയറക്ടർക്ക് ശിപാർശ സഹിതം വിശദമായ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.<br>• സൗജന്യ സേവനങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തുന്ന സേവനദാതാവിനെ കുറിച്ച് രേഖാ മൂലമോ അല്ലാതെയോ ലഭിക്കുന്ന പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.<br>• സേവനദാതാവായി രജിസ്റ്റർ ചെയ്യപ്പെടുന്നതിന് സന്നദ്ധ സംഘടന നൽകുന്ന അപേക്ഷയിന്മേൽ വനിതാ സംരക്ഷണ ഓഫീസർ അന്വേഷണം നടത്തി ശിപാർശ സഹിതം റിപ്പോർട്ട് ജില്ലാ വനിതാ ശിശുവികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതും, ജില്ലാ വനിതാശിശു വികസന ഓഫീസർ വ്യക്തമായ ശിപാർശ സഹിതം ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.<br>• സേവനദാതാക്കളുടെ പ്രവർത്തനം തൃപ്തികരമല്ലെങ്കിൽ ഉപഭോക്താക്കൾക്ക് പരാതി നൽകുന്നതിനായി ഡയറക്ടർ, ജില്ലാ വനിതാ ശിശുവികസന ഓഫീസർ, വനിതാ സംരക്ഷണ ഓഫീസർ എന്നിവരുടെ മേൽവിലാസം, ഫോൺ നം, ഇ-മെയിൽ |

| | | |
|---|---|---|
| | | വിലാസം, മിത്ര 181 ടോൾ ഫ്രീ നമ്പർ എന്നിവ സേവന ദാതാവിന്റെ ഓഫീസിൽ പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.<br>• സേവനദാതാക്കൾ എല്ലാ പ്രവൃത്തി ദിവസവും രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ തുറന്നു പ്രവർത്തിക്കുന്നുണ്ടെന്നും വൈകുന്നേരം 5 മണി മുതൽ രാവിലെ 10 മണി വരെ ടെലഫോൺ മുഖേന പരാതിക്കാർക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ നൽകിയിട്ടുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്.<br>• സേവനദാതാക്കൾ സേവനദാതാക്കൾക്കുള്ള മാതൃകാ പ്രവർത്തന നടപടിക്രമത്തിലെ അനുബന്ധം 4 പ്രകാരം ബോർഡ് പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.<br>• സേവനദാതാവ് പരാതിക്കാരിൽ നിന്നും സേവനദാതാക്കൾക്കുള്ള മാതൃകാ പ്രവർത്തന നടപടിക്രമത്തിലെ അനുബന്ധം 5 പ്രകാരം അപേക്ഷ സ്വീകരിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.<br>• സേവനദാതാക്കൾ സമർപ്പിക്കുന്ന ഒരു വർഷത്തെ പ്രചരണ പരിപാടികൾ പരിശോധിച്ച് സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>• ലീഗൽ കൗൺസിലർ, സേവനദാതാക്കൾ എന്നിവരുടെ മാസാന്ത്യ റിവ്യൂ നടത്തേണ്ടതും മീറ്റിംഗ് മിനിട്സ്, റിപ്പോർട്ട് എന്നിവ എല്ലാ മാസവും 10-ാം തീയതിക്ക് മുൻപ് ജില്ലാ വനിത ശിശുവികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതും, പകർപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ലീഗൽ കൗൺസിലർ സൗജന്യ നിയമസഹായം നൽകുന്ന കേസുകളിൽ ലഭിക്കുന്ന |

| | | |
|---|---|---|
| | | കോടതി ഉത്തരവുകളുടെ പകർപ്പ് പ്രതിമാസ റിപ്പോർട്ടിനോടൊപ്പം ജില്ലാ വനിത ശിശുവികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.<br>• ലീഗൽ കൗൺസിലറെ നിയമിച്ച് ഒരു വർഷത്തിനുള്ളിൽ ജില്ലാ വനിതാ ശിശു വികസന ഓഫീസർ, വനിതാ സംരക്ഷണ ഓഫീസർ എന്നിവർ സംയുക്തമായി പ്രവർത്തനം വിലയിരുത്തേണ്ടതും വനിതാ സംരക്ഷണ ഓഫീസർ റിപ്പോർട്ട് ജില്ലാ ഓഫീസർക്കും പകർപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്.<br>• ഗുരുതരമായ ഗാർഹിക പീഡനം ബോധ്യപ്പെടുന്ന പരാതികളിൽ DIR വനിതാ സംരക്ഷണ ഓഫീസറുടെ അംഗീകാരത്തോടെ കോടതിയിൽ സമർപ്പിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.<br>• വനിതാ സംരക്ഷണ ഓഫീസറുടെ നിർദ്ദേശാനുസരണം ലീഗൽ കൗൺസിലർ ബന്ധപ്പെട്ട കോടതികളിൽ ഹാജരായി ഫീസ് ഈടാക്കാതെ പരാതിക്കാർക്ക് ആവശ്യമായ ഉത്തരവുകൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തുടർ നിയമസഹായത്തിനായി DLSA വഴി സൗജന്യ നിയമസഹായം ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.<br>• ലീഗൽ കൗൺസിലർക്ക് ഒത്തു തീർപ്പിലൂടെ തീർപ്പാക്കാൻ സാധിക്കാത്ത പരാതികളും 6 മാസത്തിനുള്ളിൽ കോടതി മുഖേന തീർപ്പാക്കാത്ത കേസുകളും "DLSA വനിത കമ്മീഷൻ എന്നിവർ മുഖേന" നടത്തുന്ന അദാലത്തുകളിൽ എത്തിച്ച് പരിഹരിക്കുന്നതിനുള്ള ലീഗൽ കൗൺസിലറുടെ പ്രവർത്തനങ്ങൾക്ക് മേൽ നോട്ടം വഹിക്കേണ്ടതാണ്.<br>• സേവനദാതാവ്, ലീഗൽ കൗൺസിലർ, ഫാമിലി കൗൺസിലർ |

| | | |
|---|---|---|
| | | എന്നിവർ സംഘടിപ്പിക്കുന്ന ബോധവത്കരണ ക്ലാസ്സുകൾക്കും പ്രചരണ പ്രവർത്തനങ്ങൾക്കും ആവശ്യമായ മേൽനോട്ടം വഹിക്കേണ്ടതാണ്.<br>• ഫാമിലി കൗൺസിലർമാരുടെ പേരു വിവരം ബന്ധപ്പെട്ട മജിസ്ട്രേറ്റ് കോടതികൾക്ക് സമർപ്പിക്കേണ്ടതാണ്.<br>• ലീഗൽ കൗൺസിലർ ആഴ്ചയിൽ 3 ദിവസം 2 pm മുതൽ 5 pm വരെ സേവനങ്ങൾ നൽകുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.<br>• ഒരിക്കൽ സേവനത്തിനായി സമീപിച്ച പരാതിക്കാരിക്ക് സമാധാനവും സുരക്ഷിതവുമായ ജീവിതം ഉറപ്പായിട്ടുണ്ടോ എന്ന് തുടർ അന്വേഷണങ്ങൾ നടത്തി ലീഗൽ കൗൺസിലർ ഉറപ്പു വരുത്തുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.<br>• ലീഗൽ കൗൺസിലറുടെ അറ്റൻഡൻസ് രജിസ്റ്റർ, കേസ് ഫയലുകൾ, കേസ് രജിസ്റ്റർ എന്നിവ കൃത്യമായ രേഖപ്പെടുത്തലുകളോടു കൂടി സേവനദാതാവ് സൂക്ഷിച്ചിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. അപാകതകൾ കണ്ടെത്തിയാൽ അതത് ജില്ലാ വനിത ശിശുവികസന ഓഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.<br>• ലീഗൽ കൗൺസിലർക്ക് ആവശ്യമായ പരിശീലനം ലഭ്യമായി എന്ന് ഉറപ്പു വരുത്തേണ്ടതാണ്.<br>• ലീഗൽ കൗൺസിലർ അതാതു സ്ഥലങ്ങളിൽ ജോലി ചെയ്യുന്ന തീയതിയും സമയവും സേവന ദാതാക്കൾ, ജില്ലാ വനിത ശിശുവികസന ഓഫീസർ, വനിത സംരക്ഷണ ഓഫീസർ, ഡി.എൽ.എസ്.എ. എന്നിവരെ അറിയിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. |

| | | |
|---|---|---|
| | | • ആശ്വാസനിധി പദ്ധതി സംബന്ധിച്ച് സേവനദാതാക്കൾ, ലീഗൽ കൗൺസിലർ, ഫാമിലി കൗൺസിലർ എന്നിവരിൽ അവബോധം സൃഷ്ടിക്കേണ്ടതാണ്.<br>• ജില്ലാ വനിത ശിശുവികസന ഓഫീസർ, വനിത സംരക്ഷണ ഓഫീസർ എന്നിവർ ജൂൺ, ആഗസ്റ്റ്, ഒക്ടോബ്ര, ഡിസംബർ, ഫെബ്രുവരി, ഏപ്രിൽ (2 മാസത്തിലൊരിക്കൽ) എന്നീ മാസങ്ങളിൽ 5-ാം തീയതിയ്ക്കു മുൻപായി സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളിൽ സംയുക്തമായി പരിശോധന നടത്തേണ്ടതാണ്. സേവനദാതാവ് നൽകുന്ന എല്ലാ തരത്തിലുമുള്ള പ്രവർത്തനങ്ങൾ, ഫണ്ട് വിതരണം എന്നിവ കൃത്യമായും പരിശോധിക്കേണ്ടതും വനിത സംരക്ഷണ ഓഫീസർ റിപ്പോർട്ട് (സേവന ദാതാക്കൾക്കുള്ള മാതൃകാ പ്രവർത്തന നടപടിക്രമത്തിലെ അനുബന്ധം 9) തയ്യാറാക്കി ജില്ലാ വനിത ശിശുവികസന ഓഫീസറുടെ Counter signature സഹിതം പ്രസ്തുത മാസങ്ങളിൽ 10-ാം തീയതിയ്ക്ക് മുൻപ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.<br>• സേവന ദാതാക്കളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് വിവരങ്ങൾ സേവനദാതാക്കളിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് ശിപാർശ സഹിതം ഏപ്രിൽ, ജൂലൈ, ഒക്ടോബർ, ജനുവരി (3 മാസത്തിലൊരിക്കൽ) എന്നീ മാസങ്ങളിൽ 5-ാം തീയതിയ്ക്കു മുൻപ് ജില്ലാ വനിത ശിശുവികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതുമാണ്. |

| | | |
|---|---|---|
| | | <u>ഷെൽട്ടർ ഹോമുകളുമായി ബന്ധപ്പെട്ട ചുമതലകൾ</u><br>1. എല്ലാ മാസവും ഷെൽട്ടർ ഹോമുകൾ സന്ദർശിക്കേണ്ടതും പ്രവർത്തനം, ഫണ്ട് വിനിയോഗം എന്നിവ പരിശോധിക്കേണ്ടതാണ്. പ്രതിമാസ റിപ്പോർട്ട്, ത്രൈമാസ റിപ്പോർട്ട് (ജൂലൈ, ഒക്ടോബർ, ജനുവരി, ഏപ്രിൽ), അർദ്ധ വാർഷിക റിപ്പോർട്ട് (ഒക്ടോബർ, ഏപ്രിൽ), വാർഷിക റിപ്പോർട്ട് (ഏപ്രിൽ) എന്നിവ ഷെൽട്ടർ ഹോമുകൾക്കുള്ള മാതൃകാ പ്രവർത്തന നടപടി ക്രമത്തിലെ അനുബന്ധം 6-ൽ തയ്യാറാക്കി ഡയറക്ടർക്ക് pwdv2005.sh@gmail.com എന്ന E-mail ID യിൽ സമർപ്പിക്കേണ്ടതാണ്. പകർപ്പ് ജില്ലാ വനിത ശിശുവികസന ഓഫീസർക്ക് നൽകേണ്ടതാണ്. ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനം, റിപ്പോർട്ട് നൽകൽ എന്നിവ തൃപ്തികരമല്ലെങ്കിൽ ജില്ലാ വനിതാ ശിശുവികസന ഓഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.<br>2. ഡയറക്ടറുടെ/ ജില്ലാ വനിത ശിശുവികസന ഓഫീസറുടെ നിർദ്ദേശാനുസരണം ഷെൽട്ടർ ഹോം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.<br>3. താമസക്കാർക്ക് തൊഴിൽ പരിശീലനം നൽകി സാമ്പത്തികമായി സ്വയം പര്യാപ്തരാക്കാൻ ആവശ്യമായ നടപടികൾ ഷെൽട്ടർ ഹോം സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. |

| | | |
|---|---|---|
| | | 4. തൊഴിൽ പരിശീലനത്തിന് CSR ഫണ്ട് ലഭ്യമാക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.<br>5. താമസക്കാരായ കുട്ടികളുടെ പഠനം, ട്യൂഷൻ എന്നിവ ഉറപ്പുവരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.<br>6. താമസക്കാരുടെ പുനരധിവാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.<br>7. പുനരധിവസിപ്പിച്ച താമസക്കാർ സുരക്ഷിതമായും സമാധാനപരമായും ജീവിക്കുന്നുവെന്ന് കൗൺസിലർ ഉറപ്പു വരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.<br>8. Register of Valuables പരിശോധിക്കേണ്ടതും വിട്ടുതൽ സമയത്ത് സാധനങ്ങൾ താമസക്കാരിക്ക് തിരികെ നൽകുന്നുവെന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.<br>9. എല്ലാ മാസവും ഷെൽട്ടർ ഹോം സന്ദർശിക്കേണ്ടതും താമസക്കാരുമായി ആശയവിനിമയം നടത്തേണ്ടതും സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ, ഷെൽട്ടർ ഹോമുകൾക്കുള്ള മാതൃകാ പ്രവർത്തന നടപടിക്രമം പ്രകാരമാണ് നടക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.<br>10. ഷെൽട്ടർ ഹോമിൽ മെനു ചാർട്ട് പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.<br>11. ഗർഭിണികൾ/ മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് ഐ.സി.ഡി.എസ് മാനുവൽ അനുസരിച്ച് പോഷകാഹാരം ലഭ്യമാക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്. |

| | | |
|---|---|---|
| | | 12. ഷെൽട്ടർ ഹോമുകൾക്കുള്ള മാതൃകാ പ്രവർത്തന നടപടിക്രമത്തിലെ അനക്സർ 4 പ്രകാരം ബോർഡ് സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.<br>13. ഗാർഹിക അതിക്രമങ്ങൾക്ക് വിധേയരാകുന്ന വനിതകൾക്ക് ലഭിക്കുന്ന സേവനങ്ങൾ, മിത്ര 181 ഹെൽപ്പ് ലൈൻ നമ്പർ, ചൈൽഡ് ലൈൻ (1098) എന്നീ വിവരങ്ങൾ സ്ഥാപനത്തിന്റെ മുൻവശത്ത് പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.<br>14. ഷെൽട്ടർ ഹോമുകൾക്കുള്ള മാതൃകാ പ്രവർത്തന നടപടിക്രമത്തിലെ അനുബന്ധം 6 പ്രകാരം ലഭ്യമാകുന്ന റിപ്പോർട്ട് സൂക്ഷമമായി പരിശോധിച്ച് സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ മേൽനോട്ടം വഹിക്കേണ്ടതാണ്.<br>15. Non-recurring ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക ഉപയോഗിച്ച് വാങ്ങിയിട്ടുള്ള സാധനങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി താമസക്കാരുടെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.<br>16. ഷെൽട്ടർ ഹോമിൽ പ്രവേശിച്ച താമസക്കാരുടെ മെഡിക്കൽ പരിശോധന പ്രവേശനം നൽകി 24 മണിക്കൂറിനുള്ളിൽ നടത്തുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.<br>17. ഗാർഹിക അതിക്രമങ്ങൾക്ക് വിധേയരായിട്ടുള്ള സ്ത്രീകൾക്ക് മാത്രമാണ് ഷെൽട്ടർ ഹോമിൽ പ്രവേശനം |

| | | |
|---|---|---|
| | | നൽകുന്നവുള്ളുവെന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. മറ്റുള്ളവരെ അനുയോജ്യമായ മറ്റു ഹോമുകളിലേയ്ക്ക് മാറ്റേണ്ടതാണ്.<br>18. താമസക്കാർ പരമാവധി 2 വർഷം വരെ മാത്രമേ താമസിക്കുന്നുള്ളുവെന്നും പ്രസ്തുത കാലയളവിൽ അനുയോജ്യമായ പുനരധിവാസ പ്രവർത്തനങ്ങൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.<br>19. താമസക്കാർക്ക് ഗാർഹിക പീഡനത്തെത്തുടർന്നോ അല്ലാതെയോ ഉണ്ടായിട്ടുള്ള മുറിവുകൾ, പരിക്കുകൾ, അസുഖങ്ങൾ എന്നിവയ്ക്ക് ആശുപത്രിയിൽ നിന്നും അടിയന്തരമായി സൗജന്യ ചികിത്സ ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.<br>20. ഹോമിൽ നിന്നും വിടുതൽ ചെയ്ത പോകുന്നവരെ കുറഞ്ഞത് ഒരു വർഷമെങ്കിലും ഫോളോ അപ് ചെയ്യേണ്ടതാണ്.<br>21. ഷെൽട്ടർ ഹോം കമ്മിറ്റി എല്ലാ മാസവും, ജില്ലാ തല ഷെൽട്ടർ ഹോം കമ്മിറ്റി മൂന്നു മാസത്തിൽ ഒരിക്കലും കൂടുന്നുവെന്നും മീറ്റിംഗ് മിനിട്സ് സൂക്ഷിക്കുന്നുണ്ടെന്നും കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കുന്നുവെന്നും ഉറപ്പുവരുത്തേണ്ടതാണ്.<br>22. ഷെൽട്ടർ ഹോം മെച്ചപ്പെട്ട ഭൗതിക സാഹചര്യത്തിലും സുരക്ഷിതമായ കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നുവെന്നത് പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.<br>23. താമസക്കാർക്ക് വിനോദത്തിനും വിജ്ഞാനത്തിനും പര്യാപ്തമായ സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.<br>24. സ്ഥാപനത്തിലെ കുട്ടികളുടെ വിശദാംശം സി.ഡബ്ല്യു.സി.യ്ക്ക് |

| | | |
|---|---|---|
| | | നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.<br>25. മെനു നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.<br>26. ഷെൽട്ടർ ഹോമുകൾക്കുള്ള മാതൃകാ പ്രവർത്തന നടപടിക്രമം അനുസരിച്ചല്ലാതെ പ്രവേശനം നൽകുന്ന താമസക്കാരുടെ വിശദാംശം 24 മണിക്കൂറിനുള്ളിൽ വനിത സംരക്ഷണ ഓഫീസർക്ക് റിപ്പോർട്ട് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.<br>27. താമസക്കാരുടെ പ്രവേശനവും വിടുതലും വനിതാ സംരക്ഷണ ഓഫീസർക്ക് റിപ്പോർട്ട് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.<br>28. ഷെൽട്ടർ ഹോമുകൾക്കായുള്ള മാതൃകാ നടപടിക്രമത്തിലെ അനുബന്ധം 6 പ്രകാരം ലഭിക്കുന്ന പ്രതിമാസ റിപ്പോർട്ട് പരിശോധിച്ച് ഷെൽട്ടർ ഹോമിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.<br>29. ജില്ലാ വനിത ശിശുവികസന ഓഫീസർ, വനിത സംരക്ഷണ ഓഫീസർ എന്നിവർ ജൂൺ, ആഗസ്റ്റ്, ഒക്ടോബർ, ഡിസംബർ, ഫെബ്രുവരി, ഏപ്രിൽ (2 മാസത്തിലൊരിക്കൽ) എന്നീ മാസങ്ങളിൽ 5-ാം തീയതിക്ക് മുമ്പായി ഷെൽട്ടർ ഹോമുകൾ സംയുക്തമായി പരിശോധന നടത്തേണ്ടതാണ്. ഷെൽട്ടർ ഹോം നൽകുന്ന എല്ലാ തരത്തിലുമുള്ള പ്രവർത്തനങ്ങൾ, ഫണ്ട് വിതരണം എന്നിവ കൃത്യമായി പരിശോധിക്കേണ്ടതും വനിതാ സംരക്ഷണ ഓഫീസർ റിപ്പോർട്ട് (ഷെൽട്ടർ ഹോമുകൾക്കായുള്ള മാതൃകാ പ്രവർത്തന നടപടിക്രമത്തിലെ അനുബന്ധം 6) തയ്യാറാക്കി ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ counter signature സഹിതം പ്രസ്തുത മാസങ്ങളിൽ 10-ാം തീയതിക്കു |

| | | |
|---|---|---|
| | | മുൻപ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.<br>30. ജില്ലാ വനിതാ ശിശു വികസന ഓഫീസർ ജൂലൈ, ഒക്ടോബർ, ജനുവരി, ഏപ്രിൽ (3 മാസത്തിലൊരിക്കൽ) എന്നീ മാസങ്ങളിൽ 10-ാം തീയതിക്ക് മുമ്പായി വനിത സംരക്ഷണ ഓഫീസർ, ഷെൽട്ടർ ഹോം അധികാരികൾ, കൗൺസിലർ എന്നിവരുടെ അവലോകന യോഗം കൂടേണ്ടതും മിനിട്സ് പ്രസ്തുത മാസങ്ങളിൽ 15-ാം തീയതിക്കകം ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.<br>31. ഷെൽട്ടർ ഹോമിൽ നടത്തിയിട്ടുള്ള ബോധവത്ക്കരണ ക്ലാസ്സുകളും പ്രചരണ പരിപാടികളും ഫലപ്രദമായിട്ടാണ് നടത്തുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.<br>32. താമസക്കാരിക്ക് ആവശ്യമായ സേവനങ്ങൾ ഷെൽട്ടർ ഹോമിന് നൽകാൻ സാധിക്കാത്ത പക്ഷം അവരെ വനിതാ സംരക്ഷണ ഓഫീസറുടെ അനുമതിയോടെ മറ്റൊരു സ്ഥാപനത്തിലേക്ക് മാറ്റിയിട്ടുണ്ടെന്നും വിശദാംശങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.<br>33. സ്ഥാപനത്തിൽ നേരിട്ട് പ്രവേശിക്കുന്ന അപേക്ഷകരിൽ അതിക്രമവുമായി ബന്ധപ്പെട്ട വിഷയത്തിൽ 48 മണിക്കൂറിനുള്ളിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.<br>34. പ്രവേശന രജിസ്റ്റർ ഷെൽട്ടർ ഹോമുകൾക്കുള്ള മാതൃകാ പ്രവർത്തന നടപടിക്രമത്തിലെ അനുബന്ധം 5 പ്രകാരം സൂക്ഷിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.<br>35. താമസക്കാരിയുടെയും അവരുടെ കുട്ടിയുടെയും |

| | | |
|---|---|---|
| | | പുനരധിവാസത്തിനും, സുരക്ഷിതത്വത്തിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.<br>താമസക്കാരി ആവശ്യപ്പെടുന്ന പക്ഷം അവരുടെ വീട്, ബന്ധുക്കൾ എന്നിവരെ സന്ദർശിക്കുന്നതിന് രേഖാമൂലമുള്ള അപേക്ഷ ലഭ്യമാക്കി അനുവദിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. **(01.08.2022 മുതൽ 31.08.2023 വരെ ജില്ലകളിൽ ഫയൽ ചെയ്ത ഡി.വി.കേസിന്റെ വിശദാംശങ്ങൾ അനുബന്ധം IV ആയി ചേർക്കുന്നു)**<br>( 20.03.2024 ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 10. | കുടുംബ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഈ മേഖലയിൽ അഭിരുചിയുള്ള കൗൺസിലർമാരുടെ സേവനം പ്രയോജനപ്പെടുത്തി വിവാഹമോചന കേസുകളുടെയും പോലീസ് കേസുകളുടെയും എണ്ണം കുറയ്ക്കാൻ ശ്രമിക്കണമെന്ന് വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാർക്ക് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നം. 29)** | വനിത ശിശു വികസന (എ) വകുപ്പ്<br>(29.10.2022 ലെ ഡബ്ല്യു.സി.ഡി എ 3/73/2022 നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>വനിതാ ശിശുവികസന വകുപ്പിന് കീഴിൽ പ്രീ മാരിറ്റൽ കൗൺസിലിങ്ങുമായി ബന്ധപ്പെട്ട 77 ഫാമിലി കൗൺസിലർമാർ, 11 ഷെൽട്ടർ ഹോം കൗൺസിലർമാർ 56 കാതോർത്തു കൗൺസിലർമാർ എന്നിവർക്ക് പരിശീലനം നൽകിയിട്ടുണ്ട്. WPO ഓഫീസിലെത്തുന്ന പരാതിക്കാർക്ക് മേൽ പരാമർശിച്ച പരിശീലനം ലഭിച്ച കൗൺസിലർമാരുടെ സേവനം സൗജന്യമായി ലഭ്യമാക്കുന്നതിനു WPO ശിപാർശ ചെയ്യുന്നതാണ്. നേരിട്ട് ഹാജരായി കൗൺസിലിംഗിനു വിധേയരാകാൻ സാധിക്കാത്ത ഗുണഭോക്താക്കൾക്ക് കാതോർത്തു ഓൺലൈൻ പോർട്ടൽ വഴി ലീഗൽ കൗൺസിലിംഗ്, സൈക്കോളജിക്കൽ കൗൺസിലിംഗ് എന്നിവ ലഭ്യമാക്കുന്നതിനു WPO മുഖേന കൺസൾട്ടേഷനായി |

| | | |
|---|---|---|
| | | ഓൺലൈൻ അപ്പോയ്ൻമെന്റ് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സജ്ജമാണ് എന്ന വിവരം അറിയിച്ചു കൊള്ളുന്നു.<br><br>( 27.12.2022 ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 11. | സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളിലെ കൗൺസലേഴ്സിന്റെ സേവനം പരിശോധിച്ച് തൃപ്തികരമായ സേവനം നൽകാത്തവരെ മാറ്റി പകരം നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നം. 30)** | സാമൂഹ്യനീതി (എ) വകുപ്പ്<br>(17/11/2020 ലെ എ 4/4/2020/സാ.നീ.വ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>ഗാർഹിക പീഡനത്തിന് ഇരയായ വനിതകൾക്ക് നിയമസഹായം നൽകുന്നതിനായി സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളിലെ ലീഗൽ കൗൺസിലർമാരുടെ പ്രവർത്തനത്തെ സംബന്ധിച്ച് രേഖാപരമായി പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളിലെ ലീഗൽ കൗൺസിലർമാരുടെ സേവനം പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നതാണെന്നും, തൃപ്തികരമായ സേവനം നൽകാത്ത ലീഗൽ കൗൺസിലർമാരുടെ നിയമനം റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള വിവരം സമിതിയെ അറിയിക്കുന്നു.<br><br>( 09.09.2021 ലെ യോഗത്തിൽ അംഗീകരിച്ചു.)<br><br>വനിതാ ശിശുവികസന (എ) വകുപ്പ്<br>(25/10/2022 ലെ ഡബ്ല്യൂ.സി.ഡി-എ 3/41/2022 നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ കാര്യക്ഷമമായ |

| | | |
|---|---|---|
| | | പ്രവർത്തനത്തിനായി വനിതാ സംരക്ഷണ ഓഫീസർ എല്ലാ മാസവും ജില്ല വനിതാ ശിശു വികസന ഓഫീസർ, വനിതാ സംരക്ഷണ ഓഫീസർ എന്നിവർ സംയുക്ത പരിശോധന എല്ലാ രണ്ടു മാസത്തിലൊരിക്കലും നടത്തുന്നതാണ്. അപ്രകാരം നടത്തുന്ന പരിശോധനയിൽ ലീഗൽ കൗൺസിലറുടെ പ്രവർത്തനം തൃപ്തികരമല്ല എന്ന് ബോധ്യപ്പെടുകയോ, പ്രസ്തുത ലീഗൽ കൗൺസിലർക്കെതിരെ പരാതി ലഭിക്കുകയോ ചെയ്താൽ അന്വേഷണവിധേയമായി ടി ജീവനക്കാരെ മാറ്റി പുതിയ ലീഗൽ കൗൺസിലർമാരെ നിയമിക്കുന്നതാണ്. അതോടൊപ്പം ലീഗൽ കൗൺസിലർമാരുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളും വകുപ്പ് നടത്തി വരുന്നു.<br><br>(27.12.2022 ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 12 | ലീഗൽ സർവ്വീസസ് അതോറിറ്റിയിലെ അഭിഭാഷകർ സൗജന്യമായി തന്നെ കേസുകൾ കൈകാര്യം ചെയ്യണമെന്നും കേസുകൾ യഥാസമയം അറ്റൻഡ് ചെയ്യാത്തപക്ഷം അവരെ പാനലിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br><br>**(ഖണ്ഡിക നം. 31)** | നിയമ (എച്ച്) വകുപ്പ്<br><br>(25.11.2019 ലെ 15787/എച്ച് 1/2019/നിയമം നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>സ്ത്രീകളുടെയും കുട്ടികളുടെയും ട്രാൻസ്ജെന്ററുകളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി(2016-19)യുടെ എട്ടാമത് റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ പ്രസ്തുത ശിപാർശ നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി മുഖാന്തരം എല്ലാ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളിലേയ്ക്കും അയച്ചുകൊടുത്തിട്ടുള്ളതും ആയത് നടപ്പാക്കി വരുന്നതുമാണ്<br><br>( 23.12.2019 ലെ യോഗത്തിൽ അംഗീകരിച്ചു.) |
| 13. | സ്ത്രീകളെയും കുട്ടികളെയും വളരെ മോശമായും അപകീർ | ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (ഇ) വകുപ്പ് |

| | | |
|---|---|---|
| | ത്തിപ്പെടുത്തുന്ന രീതിയിലും ചിത്രീകരിക്കുന്നതും മൂല്യച്യുതി സൃഷ്ടിക്കുന്നതുമായ സീരിയലുകൾക്കെതിരെയും അവ സംപ്രേഷണം ചെയ്യുന്ന മാധ്യമചാനലുകൾക്കെതിരെയും ശക്തമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇക്കാര്യത്തിൽ ശരിയായ സ്ക്രീനിംഗ് വേണമെന്നും സീരിയലുകൾ മോണിറ്ററിംഗ് സെൽ പരിശോധിച്ച് കുടുംബബന്ധങ്ങളെ മോശമായി ചിത്രീകരിക്കുന്നില്ലെന്ന് ഉറപ്പുവരുത്തി മാത്രമേ സംപ്രേഷണാനുമതി നൽകുവാൻ പാടുള്ളുവെന്നും സമിതി ശിപാർശ ചെയ്യുന്നു.<br>**(ഖണ്ഡിക നം. 32)**<br><br>**06.11.2020 ൽ സമിതി നൽകിയ തുടർ ശിപാർശ**<br><br>മൂല്യച്യുതി സൃഷ്ടിക്കുന്നതും സമൂഹത്തിന് തെറ്റായ സന്ദേശം നൽകുന്നതുമായ സീരിയലുകൾക്കെതിരെ ബോധവൽക്കരണം നടത്തണമെന്നും സീരിയലുകൾക്ക് സെൻസർ സംവിധാനം ഏർപ്പെടുത്തണമെന്നും പ്രോഗ്രാം സർട്ടിഫിക്കേഷൻ സംവിധാനത്തിനാവശ്യമായ ചട്ടങ്ങൾ നിർമ്മിക്കണമെന്നും വകുപ്പിനോട് തുടർ ശിപാർശ ചെയ്യാൻ തീരുമാനിച്ചു. | (12.03.2020 ലെ ഇ 3/524/2019/ഐ&പി.ആർ. നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>കേന്ദ്ര കേബിൾ ടി.വി ആക്ട്, വാർത്ത വിതരണ മന്ത്രാലയം നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്നിവ പ്രകാരം സംസ്ഥാനത്തിന് ഇക്കാര്യത്തിൽ കൈക്കൊള്ളാവുന്ന നടപടികൾ പരിമിതമാണ്. പ്രോഗ്രാം കോഡ്, പരസ്യ കോഡ്, മറ്റു നിയമങ്ങൾ എന്നിവയുടെ ലംഘനം സംബന്ധിച്ച പരാതികൾ കേൾക്കുന്നതിനും ആവശ്യമെങ്കിൽ കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതിനും ചുമതലയുള്ള ജില്ലാ - സംസ്ഥാനതല മോണിറ്ററിംഗ് സമിതികൾ ഇപ്പോൾ നിലവിലുണ്ട്. എന്നാൽ ബഹു.നിയമസഭാ കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ള പ്രകാരമുള്ള പ്രോഗ്രാം സർട്ടിഫിക്കേഷൻ സംവിധാനം നിലവിലില്ല. ഇതിന് ആവശ്യമായ ചട്ടങ്ങൾ സംസ്ഥാനത്തിന് നിർമ്മിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചുവരികയാണ്.<br><br>(06.11.2020 ലെ യോഗത്തിൽ പരിഗണിക്കുകയും തുടർ ശിപാർശ നൽകുകയും ചെയ്തു.)<br><br>വിവരപൊതുജന സമ്പർക്ക (ഇ) വകുപ്പ്<br>(18.10.2021 ലെ ഇ 3/524/2019/ഐ&പി.ആർ. നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>കേന്ദ്ര കേബിൾ ടി.വി. ആക്ട്, വാർത്ത വിതരണ മന്ത്രാലയം നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്നിവ പ്രകാരം സംസ്ഥാനത്തിന് ഇക്കാര്യത്തിൽ കൈക്കൊള്ളാവുന്ന നടപടികൾ പരിമിതമാണ്. പ്രോഗ്രാം കോഡ്, പരസ്യ കോഡ്, മറ്റു നിയമങ്ങൾ എന്നിവയുടെ |

| | | |
|---|---|---|
| | | ലംഘനം സംബന്ധിച്ച പരാതികൾ കേൾക്കുന്നതിനും ആവശ്യമെങ്കിൽ കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതിനും ചുമതലയുള്ള ജില്ലാ-സംസ്ഥാനതല മോണിറ്ററിംഗ് സമിതികൾ ഇപ്പോൾ നിലവിലുണ്ട്. എന്നാൽ ബഹു.നിയമസഭാ കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ള പ്രകാരമുള്ള പ്രോഗ്രാം സർട്ടിഫിക്കേഷൻ സംവിധാനം സംസ്ഥാനത്ത് നിലവിലില്ല. മാത്രമല്ല 1995 ലെ Cable TV Network Act പ്രകാരം ടി വിഷയം സംബന്ധിച്ച ചട്ടങ്ങൾ ഉണ്ടാക്കുന്നതിനു സംസ്ഥാന സർക്കാരുകൾക്ക് അധികാരവുമില്ല ഇതിന് ആവശ്യമായ ചട്ടങ്ങൾ സംസ്ഥാനത്തിന് നിർമ്മിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചു വരികയാണ്.<br><br>(04.01.2022 ലെ യോഗത്തിൽ പരിഗണിക്കുകയും തുടർനടപടികൾ ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.)<br><br>വിവരപൊതുജന സമ്പർക്ക (ഇ) വകുപ്പ്<br><br>(05.01.2024 ലെ ഇ 3/524/2019/ഐ&പി.ആർ. നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ, 12.03.2020 ലെ ഇ 3/524/2019/ഐ&പി.ആർ നമ്പർ കത്ത് പ്രകാരം കേന്ദ്ര കേബിൾ ടി.വി.ആക്ട്, വാർത്ത വിതരണ മന്ത്രാലയം നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്നിവ പ്രകാരം സംസ്ഥാനത്തിന് ഇക്കാര്യത്തിൽ കൈക്കൊള്ളാവുന്ന നടപടികൾ പരിമിതമാണെന്നും പ്രോഗ്രാം കോഡ്, പരസ്യ കോഡ്, മറ്റു നിയമങ്ങൾ എന്നിവയുടെ ലംഘനം സംബന്ധിച്ച പരാതികൾ കേൾക്കുന്നതിനും ആവശ്യമെങ്കിൽ കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതിനും ചുമതലയുള്ള ജില്ലാ- |
| | **04.01.2022 ലെ യോഗത്തിൽ തുടർനടപടികൾ ആവശ്യപ്പെടാൻ തീരുമാനിച്ചു** | |

| | | |
|---|---|---|
| | | സംസ്ഥാനതല മോണിറ്ററിംഗ് സമിതികൾ ഇപ്പോൾ നിലവിലുണ്ടെന്നും എന്നാൽ ബഹു.നിയമസഭാ കമ്മിറ്റി ശിപാർശചെയ്തിട്ടുള്ള പ്രകാരമുള്ള പ്രോഗ്രാം സർട്ടിഫിക്കേഷൻ സംവിധാനം നിലവിലില്ലാത്തതിനാൽ ഇതിന് ആവശ്യമായ ചട്ടങ്ങൾ സംസ്ഥാനത്ത് നിർമ്മിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചു വരികയാണെന്നുള്ള ഇടക്കാല റിപ്പോർട്ട് ബഹു.സമിതിയ്ക്ക് ലഭ്യമാക്കിയിരുന്നു.<br>‘Broad casting and other forms of communication' സംബന്ധിച്ച നിയമ നിർമ്മാണാധികാരം ഭരണഘടനയിലെ 7-ാം പട്ടികയിലെ യൂണിയൻ ലിസ്റ്റ് 31-ാം ഉൾക്കുറിപ്പ് പ്രകാരം പാർലമെന്റിൽ നിക്ഷിപ്തമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ രാജ്യത്ത് കേബിൾ ടെലിവിഷൻ നെറ്റ് വർക്കുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് 1995 ലെ The Cable Television Network (Regulation) Act (1995 ലെ 7-ാം കേന്ദ്ര ആക്റ്റ്) നിലവിലുണ്ട്. പ്രസ്തുത ആക്റ്റിൻ കീഴിൽ ചട്ടങ്ങൾ പുറപ്പെടുവിക്കുവാൻ കേന്ദ്ര സർക്കാരിനുള്ള അധികാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം 1994 ലെ The Cable Television Network (Regulation) Ordinance ൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള The Cable Television Network Rules നിലവിലുണ്ട്. പ്രസ്തുത 1995 ലെ 7-ാം കേന്ദ്ര ആക്റ്റിൻ കീഴിൽ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സംസ്ഥാന സർക്കാരുകൾക്ക് അധികാരം നല്കിയിട്ടില്ല. 1995 ലെ 7-ാം കേന്ദ്ര ആക്റ്റിന്റെ 5-ാം വകുപ്പിൽ " No person shall transmit or retransmit through a cable service any advertisment unless such programme is in confirmity with the prescribed programme code" എന്നു വ്യവസ്ഥ ചെയ്യുന്നു. മേല്പറഞ്ഞ 1994 ലെThe Cable Television Network Rules ന്റെ 6-ാം ചട്ടം(1)-ാം ഉപചട്ടം (k), (l) ഇനങ്ങളിലെ |

| | | |
|---|---|---|
| | | വ്യവസ്ഥ പ്രകാരം സ്ത്രീകളെയും കുട്ടികളെയും തരം താഴ്ത്തുന്ന യാതൊരു പ്രോഗ്രാമും കേബിൾ സർവ്വീസിലൂടെ സംപ്രേഷണം ചെയ്യാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>ചട്ടം6(2)ൽ താഴെ പറയും പ്രകാരം വ്യവസ്ഥ ചെയ്യുന്നു.<br>"The cable operator should strive to carry programmes in his cable service which project women in a positive, leadership role of sobriety, moral and character building qualities". സ്ത്രീകളെ നല്ല രീതിയിൽ ചിത്രീകരിക്കുന്ന പ്രോഗ്രാമുകൾ സംപ്രേഷണം ചെയ്യുന്നതിന് കേബിൾ ഓപ്പറേറ്റർമാർ പരിശ്രമിക്കേണ്ടതാണെന്നും മേൽപറഞ്ഞ ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നു.<br>മേൽ പരാമർശിച്ച ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ബഹു. നിയമസഭാ സമിതി ശിപാർശ ചെയ്തിട്ടുള്ള പ്രോഗ്രാം സർട്ടിഫിക്കേഷൻ സംവിധാനം നടപ്പിലാക്കുന്നതിന് ആവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല എന്ന് വിവരം സവിനയം അറിയിക്കുന്നു.<br>(20.03.2024 ലെ യോഗത്തിൽ അംഗീകരിച്ചു.) |

## ഭാഗം II

**റിപ്പോർട്ടിലെ ശിപാർശകളിന്മേൽ / അധികവിവരത്തിന്മേൽ സർക്കാരിൽ നിന്നും അനന്തര നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്തവയും ബന്ധപ്പെട്ട വകുപ്പും**

| ക്രമ നം. | ശിപാർശ | സ്വീകരിച്ച നടപടി/ബന്ധപ്പെട്ട വകുപ്പ് |
|---|---|---|

| | | |
|---|---|---|
| 1 | **<u>ഖണ്ഡിക 24</u>**<br>ഒരു കണ്ണിന് പൂർണ്ണമായി കാഴ്ചയില്ലാത്തവരെ ശരീരത്തിലെ ഒരു വിലപ്പെട്ട അവയവം നഷ്ടപ്പെട്ടവരായി പരിഗണിച്ച് അടുത്ത കണ്ണിന്റെ കാഴ്ചശക്തി കണക്കാക്കാതെ തന്നെ 40% വൈകല്യ സർട്ടിഫിക്കറ്റ് നൽകി ഭിന്നശേഷിക്കാർക്കുള്ള ആനുകൂല്യങ്ങൾക്ക് അർഹരാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്<br>(02.02.2021 ലെ ജി2/1304/2020/ആ.കു.വ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>ഒരു കണ്ണിന് പൂർണ്ണമായി കാഴ്ചയില്ലാത്ത വ്യക്തിക്ക് ആർ.പി.ഡബ്ല്യു.ഡി.ആക്ട് 2016 ലെ മാർഗ്ഗരേഖകൾ അനുസരിച്ച് 30%വൈകല്യ സർട്ടിഫിക്കറ്റ് മാത്രമെ നൽകുവാൻ സാധിക്കുകയുള്ളുയെന്നും, പ്രസ്തുത ആക്ടിൽ ഭേദഗതി വരുത്തുന്നത് കേന്ദ്രസർക്കാർ ആണെന്നും സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത വിവരം സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.<br>( 09.09.2021 ലെ യോഗത്തിൽ പരിഗണിക്കുകയും അധികനിർദ്ദേശം നൽകുകയും ചെയ്തു.) |
| | **<u>ഒരു കണ്ണിന് പൂർണ്ണമായി കാഴ്ച്യില്ലാത്തവരെ ശരീരത്തിലെ ഒരു വിലപെട്ട അവയവം നഷ്ട്ടപെട്ടവരായി പരിഗണിച്ച് അടുത്ത കണ്ണിന്റെ കാഴ്ചശക്തി കണക്കാക്കാതെ തന്നെ 40% വൈകല്യ സർട്ടിഫിക്കറ്റ് നൽകി ഭിന്നശേഷിക്കാർക്കുള്ള ആനുകൂല്യങ്ങൾക്ക് അർഹരാക്കുന്നതിലേക്കായി ആർ.പി.ഡബ്ല്യു.ഡി. ആക്ട് 2016-ൽ ഭേദഗതി വരുത്തുന്നതിന് കേന്ദ്രസർക്കാരിനോട് ശിപാർശ ചെയ്യണമെന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് നിർദ്ദേശം നൽകി.</u>**<br>പ്രസ്തുത നിർദ്ദേശത്തിന്മേൽ നടപടി റിപ്പോർട്ട് ആവശ്യപ്പെട്ട് നിരവധി കത്തുകളും ഓർമ്മക്കുറിപ്പുകളും അയച്ചുവെങ്കിലും റിപ്പോർട്ട് ലഭ്യമാക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തുന്നു. **<u>മേൽ നിർദ്ദേശത്തിന്മേൽ അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കാൻ ആരോഗ്യ കുടുംബക്ഷേമ വകുപ്പിനോട് ശിപാർശ ചെയ്യുന്നു.</u>** | **<u>ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്</u>**<br>അധിക വിവര റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | |
|---|---|---|
| 2 | **ഖണ്ഡിക 26**<br><br>സംസ്ഥാനത്തെ ഡേ കേയർ സെന്ററുകളുടെ പ്രവർത്തനം സാമൂഹ്യനീതി വകുപ്പിനു കീഴിൽ കൊണ്ടുവരണമെന്നും കുട്ടികൾക്കെതിരെ ദേഹോപദ്രവങ്ങൾ ഉൾപ്പെടെയുള്ള അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ഡേ കെയർ സെന്ററുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ഡേ കെയർ സെന്ററുകളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br><br>പ്രസ്തുത ശിപാർശയിന്മേൽ 6 വർഷത്തിനുശേഷവും നടപടി റിപ്പോർട്ട് ലഭ്യമാക്കാത്തതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. **സംസ്ഥാനത്തെ ഡേ കേയർ സെന്ററുകളുടെ പ്രവർത്തനം സാമൂഹ്യനീതി വകുപ്പിനു കീഴിൽ കൊണ്ടുവരണമെന്നും കുട്ടികൾക്കെതിരെ ദേഹോപദ്രവങ്ങൾ ഉൾപ്പെടെയുള്ള അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ഡേ കെയർ സെന്ററുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ഡേ കെയർ സെന്ററുകളിലും ആധുനിക രീതിയിലുള്ള നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കണമെന്നും സംസ്ഥാനത്തെ എല്ലാ ഡേ കേയർ സെന്ററുകൾക്കും രജിസ്ട്രേഷൻ ബാധകമാക്കണമെന്നും മാസത്തിലൊരിക്കൽ ജില്ലാ തലത്തിൽ വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാർ അതാതു ജില്ലകളിലെ എല്ലാ ഡേ കേയർ സെന്ററുകളും സന്ദർശിക്കണമെന്നും അവയുടെ പ്രവർത്തനം വിലയിരുത്തണമെന്നും വനിതാശിശുവികസന വകുപ്പിനോട് സമിതി വീണ്ടും ശിപാർശ ചെയ്യുന്നു.** | **വനിതാശിശുവികസന (സി) വകുപ്പ്**<br><br>റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| 3 | **ഖണ്ഡിക 27**<br>കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ താഴെത്തട്ടിൽ നിന്നു തന്നെ | തദ്ദേശസ്വയംഭരണ (ഇ.പി.എ.) വകുപ്പ്<br>(24.01.2024 ലെ 251/ ഇപിഎ 1/2023-തസ്വഭവ നമ്പർ കത്ത് |

| | | |
|---|---|---|
| | പരിഹരിക്കപ്പെടേണ്ടതിനായി സംസ്ഥാന വ്യാപകമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | മുഖേന ലഭിച്ചത്)<br><br>സാമൂഹ്യ ക്ഷേമ വകുപ്പിന്റെ 09.11.2012 തീയതിയിലെ ജി.ഒ.(എം.എസ്) 68/12/SJD നമ്പർ ഉത്തരവു പ്രകാരം പഞ്ചായത്ത് തലം തുടങ്ങി സംസ്ഥാന തലം വരെ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ പ്രവർത്തിച്ചു വരികയുമാണ്. ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ പ്രവർത്തനം സജീവമല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തനം സജീവമാക്കുന്നതിനും നാളിതുവരെ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉത്തരവു പ്രകാരമുള്ള ഘടനയിൽ അടിയന്തരമായി ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>( 20.03.2024 ലെ യോഗത്തിൽ അംഗീകരിക്കുകയും അധികവിവരം ആരായുകയും ചെയ്തു.) |
| | **<u>20.03.2024-ൽ സമിതി ആരാഞ്ഞ അധികവിവരം</u>**<br><br>ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളിൽ ഒരു വർഷം എത്ര കേസുകൾ ലഭിക്കാറുണ്ടെന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇത് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോയെന്നും ഇതിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും തദ്ദേശസ്വയംഭരണ ആവശ്യപ്പെടാൻ തീരുമാനിച്ചു. | **<u>തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്</u>**<br><br>അധിക വിവര റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |

| | | |
|---|---|---|
| | സമിതി ആവശ്യപ്പെട്ട **മേൽ അധികവിവരത്തിന്മേൽ അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് ശിപാർശ ചെയ്യുന്നു.** | |

**യു. പ്രതിഭ**

തിരുവനന്തപുരം
19.03.2025

ചെയർപേഴ്സൺ
സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി.

അനുബന്ധം I                118                അനുബന്ധം

കേരള സർക്കാർ

"ഭരണഭാഷ - മാതൃഭാഷ"

പാ.കാ.വ-ബി2/139/2019-പാ.കാ.വ

പാർലമെന്ററികാര്യ (ബി) വകുപ്പ്
തിരുവനന്തപുരം
തീയതി : 21/10/2019

## സർക്കുലർ

വിഷയം : പാർലമെന്ററി കാര്യ വകുപ്പ് - സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-19) യുടെ എട്ടാമത് റിപ്പോർട്ട് - പൊതുശിപാർശകളിന്മേൽ നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന : നിയമസഭാ സെക്രട്ടറിയുടെ 06/09/2019 തീയതിയിലെ 21150/ഡബ്ല്യു.സി. & പി.എച്ച്.എ 3/2019-നി.സെ നമ്പർ കത്ത്.

------

സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-19) യുടെ എട്ടാമത് റിപ്പോർട്ടിലെ പൊതുവായ ശിപാർശകളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളും കർശനമായും പാലിക്കേണ്ടതാണ്.

1. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ അനുസരിച്ച് സമിതിക്ക് ലഭിക്കുന്ന പരാതികളിന്മേൽ രണ്ട് മാസത്തിനകവും അടിയന്തര സ്വഭാവമുള്ള ഹർജികളിന്മേൽ 15 ദിവസത്തിനകവും റിപ്പോർട്ട് നിയമസഭയ്ക്ക് ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ ആയത് കൃത്യമായും പാലിക്കപ്പെടുന്നില്ലെന്ന് സമിതി അതൃപ്തി രേഖപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ, സമിതിക്ക് ലഭിക്കുന്ന പരാതികളിന്മേൽ സമയബന്ധിതമായും നീതിയുക്തമായും റിപ്പോർട്ട് ലഭ്യമാക്കുന്ന കാര്യത്തിൽ എല്ലാ സർക്കാർ വകുപ്പുകളും കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതും ഉന്നതോദ്യോഗസ്ഥർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതും സമിതിക്ക് റിപ്പോർട്ട് നൽകുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതുമാണ്.

2. സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ പരിഗണിക്കുന്ന ഹർജി വിഷയങ്ങൾ സംബന്ധിച്ച വിവരങ്ങൾ തെളിവെടുപ്പിന് 15 ദിവസം മുമ്പായി ബന്ധപ്പെട്ട വകുപ്പുകളെ/ വകുപ്പുമേധാവികളെ അറിയിക്കാറുണ്ടെങ്കിലും ഇത് സംബന്ധിച്ച അറിയിപ്പ് വളരെ വൈകി മാത്രമാണ് ബന്ധപ്പെട്ട വകുപ്പുകൾ ജില്ലാതല ഉദ്യോഗസ്ഥർക്ക് നൽകുന്നതെന്നതിനാൽ ജില്ലാതല ഉദ്യോഗസ്ഥർക്ക് ഹർജി വിഷയം സംബന്ധിച്ച് കൃത്യമായ വിവരങ്ങളോ, വിശദീകരണങ്ങളോ സമിതി മുൻപാകെ നൽകുവാൻ കഴിയാതെ വരുന്നുവെന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ സമിതിയുടെ ജില്ലാതല സന്ദർശനയോഗങ്ങളിൽ പരിഗണനാവിഷയങ്ങൾ സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ ഉൾപ്പെടെ ജില്ലാതല

(....2)

Scanned with OKEN Scanner

ഉദ്യോഗസ്ഥർക്ക് സമയബന്ധിതമായി അറിയിപ്പ് നൽകേണ്ടതും സമിതി ആവശ്യപ്പെടുന്ന വിവരങ്ങളിന്മേലുള്ള കൃത്യമായ റിപ്പോർട്ട് നേരത്തേതന്നെ ലഭ്യമാക്കേണ്ടതുമാണ്. ഓരോ വകുപ്പും അതത് വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള സ്ഥാപന/വകുപ്പ് മേധാവികൾക്ക് സമിതി നിർദ്ദേശം പാലിക്കുന്നതിനായി കർശന നിർദ്ദേശം നൽകേണ്ടതാണ്.

3. സമിതിയുടെ തെളിവെടുപ്പ് വേളയിൽ ജില്ലാതല ഉദ്യോഗസ്ഥർ നൽകുന്ന റിപ്പോർട്ടുകൾ ഗവൺമെന്റ് തലത്തിൽ പരിശോധിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുവാൻ വേണ്ട നടപടികൾ എല്ലാ വകുപ്പുകളും സ്വീകരിക്കേണ്ടതാണ്.

ടോം ജോസ് IAS
ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും / പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും / സ്പെഷ്യൽ സെക്രട്ടറിമാർക്കും
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും
വെബ് ആന്റ് ന്യൂ മീഡിയ (ഗവൺമെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned with OKEN Scanner

അനുബന്ധം II

അനുബന്ധം



# കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

## സർക്കുലർ

നമ്പർ 21658/ഉ.പ.സി.2/14/ഉ.ഭ.പ.വ. *തിരുവനന്തപുരം, 2015 മാർച്ച് 24.*

വിഷയം:—സർക്കാർ സർവ്വീസിൽ നിന്നും വിരമിക്കുന്നവരുടെ അച്ചടക്ക നടപടി അടിയന്തിരമായി തീർപ്പാക്കുന്നത്—സംബന്ധിച്ച്.

സൂചന:—കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 22-7-2014-ലെ A1(3) 3570/14/GW/Dy. നമ്പർ കത്ത്.

സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടിയുടെ കാര്യത്തിൽ ശിക്ഷാധികാരി/അപ്പീൽ അധികാരി/റിവ്യൂ അധികാരി എന്ന നിലയിൽ സർക്കാർ ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ്, 1957-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കൺസൾട്ടേഷൻ) റെഗുലേഷൻസ് പ്രകാരം കൂടിയാലോചന നിർബന്ധമായ കേസുകളിൽ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതായിട്ടുണ്ട്. പലപ്പോഴും കുറ്റാരോപിതരായ ഉദ്യോഗസ്ഥർ വിരമിക്കുന്നതിന് ഏതാനും ദിവസം മുൻപ് മാത്രം ഉപദേശത്തിനായി കമ്മീഷനെ സമീപിക്കുന്നതായി കണ്ടുവരുന്നുവെന്നും ഇത് അച്ചടക്ക നടപടി കേസുകളുടെ സൂക്ഷ്മ പരിശോധനയ്ക്കായി കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിന്, വേണ്ട സമയം ലഭിക്കാത്തതുകാരണം സമയബന്ധിതമായി ഉപദേശം നൽകാൻ സാധിക്കാത്ത സാഹചര്യം സൃഷ്ടിക്കുന്നുവെന്നും ആയതിനാൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥരുടെ വിരമിക്കലിന് മുൻപ് അടിയന്തിരമായി തീർപ്പാക്കേണ്ടുന്ന കേസുകൾ ബന്ധപ്പെട്ട രേഖകൾ സഹിതം വിരമിക്കൽ തീയതിക്ക് കുറഞ്ഞത് ഒരു മാസം മുമ്പെങ്കിലും എത്തിക്കുന്നതിനുള്ള നടപടികൾ സർക്കാരിൽ നിന്നും സ്വീകരിക്കണമെന്നും കമ്മീഷൻ സൂചന കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചു. 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 പ്രകാരമുള്ള ശിക്ഷകൾ വിരമിച്ച സർക്കാർ ജീവനക്കാരനുമേൽ ചുമത്താൻ കഴിയില്ല. ആയതിനാൽ, കമ്മീഷനുമായി കൂടിയാലോചന ആവശ്യമായ കഠിന ശിക്ഷ ചുമത്തേണ്ട അച്ചടക്കനടപടികളിൽ, കുറ്റാരോപിതരായ ഉദ്യോഗസ്ഥർ വിരമിക്കുന്നതിന് മുൻപ്, സമയബന്ധിതമായി ഉപദേശം നൽകുവാൻ കമ്മീഷന് കഴിയത്തക്കവിധത്തിൽ, ബന്ധപ്പെട്ട രേഖകൾ കമ്മീഷന് ലഭ്യമാക്കേണ്ടതുണ്ട്.

GCPT. 3/1569/2015/S-16.

Scanned with OKEN Scanner

കമ്മീഷന്റെ അഭിപ്രായം ലഭ്യമായതിനുശേഷം നടപടിക്രമങ്ങൾ പാലിച്ച് പ്രസ്തുത ഉദ്യോഗസ്ഥർ സർവ്വീസിൽ നിന്ന് വിരമിക്കുന്നതിന് മുൻപ് അച്ചടക്കനടപടി തീർപ്പാക്കി സർക്കാരിന് അന്തിമ ഉത്തരവ് പുറപ്പെടുവിക്കേണ്ടതായിട്ടുമുണ്ട്.

ആയതിനാൽ, കുറ്റാരോപിതരായ ഉദ്യോഗസ്ഥർ വിരമിക്കുന്നതിന് മുൻപ് അച്ചടക്കനടപടി തീർപ്പാക്കി അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സെക്രട്ടേറിയറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചന ആവശ്യമുള്ള കേസുകളിൽ പി.എസ്.സി.-യുമായി കൂടിയാലോചിച്ച് റിട്ടയർമെന്റിന് മുൻപ് സർക്കാർതലത്തിൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കാനാകുംവിധം ബന്ധപ്പെട്ട രേഖകൾ (നോട്ട് ഫയൽ ഒഴികെ) ഉദ്യോഗസ്ഥൻ വിരമിക്കുന്ന തീയതിക്ക് കുറഞ്ഞത് മൂന്നുമാസം മുമ്പെങ്കിലും കമ്മീഷനിൽ എത്തിക്കുന്നതിനുള്ള നടപടികൾ പ്രസ്തുത വകുപ്പുകൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

പി.എസ്.സി.-യുടെ ഉപദേശം തേടിയശേഷം കുറ്റാരോപിതനായ ഉദ്യോഗസ്ഥൻ സർവ്വീസിൽ നിന്നും വിരമിക്കുന്നതിന് മുൻപ് അന്തിമ ഉത്തരവ് പുറപ്പെടുവിച്ച് ടിയാനെ അറിയിക്കാനാവശ്യമായ നടപടി ബന്ധപ്പെട്ട ഭരണ വകുപ്പുകൾ വീഴ്ചകൂടാതെ സ്വീകരിക്കേണ്ടതാണ്.

കെ. അജയകുമാർ,
*ഗവൺമെന്റ് സെക്രട്ടറി.*

എല്ലാ വകുപ്പ് തലവൻമാർക്കും, നിയമനാധികാരികൾക്കും.

എല്ലാ അർദ്ധസർക്കാർ സ്ഥാപന മേധാവികൾക്കും.

കമ്പനി, കോർപ്പറേഷൻ, ബോർഡ് മേധാവികൾക്കും.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

സെക്രട്ടറി, കേരള നിയമസഭ.

രജിസ്ട്രാർ, കേരള/കാലിക്കറ്റ്/കണ്ണൂർ/മഹാത്മാഗാന്ധി/കാർഷിക/കൊച്ചിൻ/സംസ്കൃത സർവ്വകലാശാലകൾ (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് (പത്രമാധ്യമങ്ങളിലൂടെയുള്ള വിശദമായ പ്രചാരണത്തിനും ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനും).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

അനുബന്ധം III

270

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും - സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡ്, കോർപ്പറേഷൻ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ഭിന്നശേഷിയുള്ള ജീവനക്കാർക്ക് കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ 14) വകുപ്പ്**

**സ.ഉ(കൈ)നം.1/2021/ഉഭപവ** **തീയതി, തിരുവനന്തപുരം, 22.1.2021**

---

പരാമർശം : 1) സ.ഉ(പി) നം.03/17/ഉഭപവ തീയതി 25.02.2017

2) സ.ഉ (എം.എസ്)നം. 18/2017/ഉഭപവ തീയതി 29.8.2017

## <u>ഉത്തരവ്</u>

പരാമർശിത ഉത്തരവുകൾ പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്കായി പുറപ്പെടുവിച്ച ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡ്, കോർപ്പറേഷൻ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ഭിന്നശേഷിയുള്ള ജീവനക്കാർക്കു കൂടി ബാധകമാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**റ്റി.സുധീർ ബാബു**
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

എല്ലാ അഡീഷണൽചീഫ് സെക്രട്ടറിമാർക്ക്/പ്രിൻസിപ്പൽസെക്രട്ടറിമാർക്ക്/സെക്രട്ടറിമാർക്ക്/ സ്പെഷ്യൽ സെക്രട്ടറിമാർക്ക്/സെക്രട്ടേറിയറ്റിലെ എല്ലാ ഓഫീസർമാർക്കും

എല്ലാ വകുപ്പമേധാവികൾക്കും/ഓഫീസുകൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

സെക്രട്ടേറിയറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും എല്ലാ സെക്ഷനുകൾക്കും

രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാഗാന്ധി/

ശ്രീ.ശങ്കരാചാര്യ(സംസ്കൃത) സർവ്വകലാശാല

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം

ജനറൽ മാനേജർ, കേരള സംസ്ഥാന ഗതാഗത കോർപ്പറേഷൻ, തിരുവനന്തപുരം

...2

Scanned with OKEN Scanner

അനുബന്ധം IV

**01.08.2022 മുതൽ 31.08.2023 വരെ ജില്ലകളിൽ ഫയൽ ചെയ്ത ഡി.വി.കേസിന്റെ വിശദാംശങ്ങൾ**

Sheet1

| Sl No | District | Number of DV cases reported in WPO | Number of cases disposed by WPO | Number of cases pending with WPO | Number of DIR filed by WTO | number of protection orders issued | number of residence orders issued | number of maintenance orders issued | number of compensation orders issued | number of custody order issued | any other orders issued | Number of DV cases reported in spc | Number of cases disposed by SPC | Number of cases pending with SPC | Number of DIR filed by SPC | number of protection orders issued through SPC | Number of residence orders issued through SPC | number of maintenance issued through SPC | number of compensation orders issued through SPC | Number of custody orders issued through SPC | Any other orders issued through SPC | Remarks |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Thiruvananthapuram | 878 | 878 | 0 | 341 | 312 | 312 | 14 | 8 | 4 | 17 | 358 | 213 | 145 | 92 | 68 | 24 | 10 | 5 | 5 | 0 | |
| 2 | Kollam | 372 | 348 | 24 | 106 | 135 | 72 | 6 | 0 | 2 | 1 | 276 | 240 | 36 | 69 | 54 | 23 | 13 | 0 | 0 | 0 | |
| 3 | Pathanamthitta | 407 | 407 | 0 | 118 | 89 | 48 | 22 | 2 | 5 | | 392 | 301 | 91 | 112 | 103 | 53 | 6 | 2 | 1 | | |
| 4 | Alappuzha | 905 | 905 | 0 | 173 | 175 | 114 | 150 | 125 | 85 | 11 | 68 | 68 | 0 | 35 | 26 | 18 | 9 | 8 | 0 | 0 | |
| 5 | Kottayam | 402 | 374 | 28 | 5 | 44 | 24 | 0 | 0 | 2 | | 287 | 268 | 19 | 31 | 36 | 22 | 4 | | 3 | | |
| 6 | Idukki | 249 | 249 | 0 | 49 | 30 | 13 | 4 | 0 | 0 | 1(Education) | 247 | 247 | 0 | 38 | 44 | 14 | 15 | 0 | 0 | 0 | |



Scanned with OKEN Scanner

| | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 7 | Eranakulam | 542 | 538 | 4 | 71 | 137 | 84 | 25 | 8 | 1 | 1 | 747 | 481 | 266 | 55 | 83 | 58 | 0 | 18 | 0 | 22 | |
| 8 | Thrissur | 299 | 299 | 0 | 16 | 75 | 48 | 5 | 4 | 2 | 2 | 309 | 275 | 34 | 59 | 58 | 34 | 14 | 5 | 11 | 0 | |
| 9 | Palakkad | 666 | 659 | 7 | 19 | 190 | 100 | 11 | 0 | 5 | 0 | 438 | 399 | 39 | 17 | 33 | 33 | 14 | 0 | 0 | 0 | |
| 10 | Malappuram | 853 | 845 | 8 | 49 | 173 | 140 | 69 | 0 | 0 | 0 | 687 | 621 | 66 | 47 | 47 | 35 | 18 | 0 | 0 | 0 | |
| 11 | Kozhikkode | 924 | 914 | 10 | 82 | 387 | 216 | 113 | 12 | 18 | 0 | 330 | 285 | 45 | 37 | 30 | 12 | 6 | 5 | 0 | | 312 complaints were settled from WPO office |
| 12 | Wayanad | 418 | 413 | 5 | 2 | 10 | 1 | 0 | 0 | 0 | 0 | 372 | 287 | 85 | 11 | 14 | 0 | 8 | 0 | 1 | 0 | |
| 13 | Kannur | 442 | 432 | 10 | 7 | 65 | 10 | 16 | 1 | 0 | 0 | 668 | 542 | 126 | 94 | 63 | 32 | 25 | 0 | 0 | 0 | |
| 14 | Kasargode | 216 | 201 | 15 | 10 | 5 | 4 | 2 | 0 | 0 | 0 | 109 | 93 | 16 | 10 | 3 | 5 | 2 | 0 | 2 | 0 | |



Scanned with OKEN Scanner